2023
NOVEMBER
09
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## വിഴിഞ്ഞം: സൗജന്യ മണ്ണെണ്ണ ഒരു വർഷത്തേക്ക് കൂടി



**തിരുവനന്തപുരം:** വിഴിഞ്ഞം നോർത്ത്, സൗത്ത്, അടിമലത്തുറ എന്നീ മത്സ്യ ഗ്രാമങ്ങളിൽ രജിസ്റ്റർ ചെയ്ത 322 ഔട്ട് ബോർഡ് എഞ്ചിൻ ബോട്ടുകൾക്ക് നിലവിൽ സൗജന്യമായി നൽകി വരുന്ന മണ്ണെണ്ണ ഒരു വർഷം കൂടി നൽകാൻ തീരുമാനിച്ചതായി തുറമുഖ മന്ത്രി അഹമ്മദ് ദേവർകോവിൽ പറഞ്ഞു. ഇതിനായി 27 കോടി രൂപ മത്സ്യഫെഡിന് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിസിൽ) കൈമാറിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ മാസാന്ത അവലോകന യോഗത്തിന് ശേഷം വിഴിഞ്ഞത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. കൂടാതെ വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായ ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട കട്ടമരത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരമായി 2.22 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അടുത്ത ദിവസങ്ങളിൽ തന്നെ ഈ തുകയും വിതരണം ചെയ്യുന്നുണ്ട്.2024 മെയ് മാസത്തിൽ തന്നെ പോർട്ട് കമ്മീഷൻ ചെയ്യും. ഇതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കുള്ള രണ്ടാമത്തെ കപ്പൽ ഇന്നെത്തും. തുറമുഖത്തേക്കുള്ള കൂറ്റൻ ക്രയിനുമായി ചൈനയിൽ നിന്നു ഷെൻഹുവ 29 എന്ന കപ്പലാണ് എത്തുക. നവംബർ 25, ഡിസംബർ 15 എന്നീ തീയതികളിലായി തുടർന്നുള്ള കപ്പലുകളും എത്തുന്നുണ്ട്. തുറമുഖത്തേക്ക് ആവശ്യമുള്ള എട്ട് കൂറ്റൻ ക്രയിനുകളും 24 യാർഡ് ക്രയിനുകളുമാണ് ഇതിലൂടെ എത്തിച്ചേരുക.

## ജൈവകൃഷി പ്രോത്സാഹനത്തിന്

# ജൈവ കാർഷിക മിഷൻ

**തിരുവനന്തപുരം:** സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംഘടിത സംവിധാനമായി ജൈവ കാർഷിക മിഷൻ രൂപീകരിച്ചു.കൃഷിയെ മാത്രം ആശ്രയിച്ചുള്ള ഉപജീവനമാർഗം സ്വീകരിക്കുന്ന കർഷകർക്ക് കൃഷിയിടത്തിൽ നിന്നു പരമാവധി വരുമാനം ഉറപ്പാക്കി സാമ്പത്തിക ഭദ്രത നേടിയെടുക്കലാണ് ലക്ഷ്യമിടുന്നതെന്ന്കൃഷി മന്ത്രി പി. പ്രസാദ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ജൈവ കാർഷിക മിഷന്റെ ഭാഗമായി കൃഷി, മൃഗസംരക്ഷണം, കോഴി വളർത്തൽ, മത്സ്യ കൃഷി, തേനീച്ച കൃഷി, കൂൺകൃഷി തുടങ്ങിയ മേഖലകളെ ഏകോപിപ്പിച്ച് സ്ത്രീകൾ, യുവജനങ്ങൾ, വിദ്യാർഥികൾ, പ്രവാസികൾ എന്നിവരുടെ കൂട്ടായ്മയിലൂടെയും സാമൂഹിക, സാംസ്കാരിക പ്രവർത്തകർ, സന്നദ്ധസംഘടനകൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കിയും ലക്ഷ്യം കൈവരിക്കാനാണു സർക്കാർ ലക്ഷ്യമിടുന്നത്. പരിസ്ഥിതിയെ സംരക്ഷിച്ച് കർഷകർക്കു ലാഭകരമായി കൃഷി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള സുസ്ഥിര ജൈവകൃഷി വികസന പദ്ധതി ഇതിന്റെ ഭാഗമായി നടപ്പാക്കും. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള  കൃഷിമുറകൾ നടപ്പാക്കുക, സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദ ജൈവകൃഷി എന്നീ ആശയങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക, വ്യത്യസ്ത കാർഷിക പാരിസ്ഥിക മേഖലയിലും യൂണിറ്റുകളിലും വരുന്ന പഞ്ചായത്തുകളെ തെരഞ്ഞെടുത്തു ജൈവകൃഷി നടപ്പിലാക്കുക, ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം സ്ഥലത്ത് ഈ പഞ്ചായത്തുകളിൽ ജൈവകൃഷി വ്യാപിപ്പിച്ച് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്യുക എന്നിവയും ഇതിന്റെ ലക്ഷ്യങ്ങളാണ്.തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ, ഫാമുകൾ എന്നിവർ കുറഞ്ഞത് അഞ്ചു വർഷമെങ്കിലും ജൈവ കൃഷി തുടരുമെന്ന് മിഷൻ ഉറപ്പാക്കും. ഓരോ കൃഷിയിടത്തിലും നിശ്ചിത അനുപാതത്തിലുള്ള ഭൂമിയെങ്കിലും ജൈവകൃഷിയിലേയ്ക്ക് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക. ഫാം പ്ലാൻ മാതൃകയിൽ ഐഎഫ്എസ് പ്ലോട്ടുകളുടെ വികസനത്തിനായി ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, കൃ



ഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ 10 ശതമാനത്തിൽ കുറയാത്ത സ്ഥലത്തു ജൈവകൃഷി ആരംഭിക്കുക, ജൈവകൃഷിക്ക് ആവശ്യമായി വരുന്ന ഉത്പാദനോപാധികൾ പ്രാദേശികമായി ഉൽപാദിപ്പിക്കുന്നതിനുള്ള ചെറുകിട സംരംഭങ്ങൾ, കൃഷിക്കൂട്ടം, കാർഷിക കർമസേന, കുടുംബശ്രീ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ തുടങ്ങുക, ജൈവ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള വിപണന സംവിധാനം ഒരുക്കുകയും ജൈവ ഉത്പന്നങ്ങൾക്കു  മതിയായ വില ലഭിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്നിവയും ഇതിന്റെ ലക്ഷ്യമാണ്. കൃഷി വകുപ്പ് മന്ത്രി ചെയർപേഴ്സണായുള്ള ഗവേർണിംഗ് കൗൺസിലും, വിവിധ വകുപ്പുകളുടെയും കാർഷിക അനുബന്ധ സ്ഥാപനങ്ങളുടെയും മേധാവികൾ അംഗങ്ങളായുള്ള എക്സിക്യുട്ടീവ് കമ്മിറ്റിയുമാണ് ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക. പ്രാദേശികാടിസ്ഥാനത്തിൽ മിഷന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, അവലോകനം ചെയ്യുന്നതിനുമായി ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, കൃഷി  അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, കർഷകർ, കൃഷിക്കൂട്ട പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതല കോർഡിനേഷൻ കമ്മറ്റി, കോർഡിനേഷൻ കമ്മിറ്റി, ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ തല കോർഡിനേഷൻ കമ്മിറ്റി എന്നിങ്ങനെ ഘടനാ സംവിധാനങ്ങളും ഉണ്ടായിരിക്കുമെന്നും മന്ത്രി പറഞ്ഞു.

## കേരളീയത്തിൽ പ്രതീക്ഷിച്ചതിലും ജനപങ്കാളിത്തം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** കേരളീയത്തിന്റെ ആദ്യത്തെ പതിപ്പിന് പ്രതീക്ഷിച്ചതിലും വലിയ ജനപങ്കാളിത്തമാണുണ്ടായതെന്നും ആയിരക്കണക്കിനാളുകളുടെ  ദൃഢനിശ്ചയവും കഠിനാദ്ധ്വാനവും കാരണമാണു മികച്ച രീതിയിൽ കേരളീയം നടത്താൻ കഴിഞ്ഞതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.കേരളീയത്തിന്റെ ദിനങ്ങളിൽ തിരുവനന്തപുരം നഗരം അക്ഷരാർത്ഥത്തിൽ ജനസമുദ്രമായി മാറിയെന്നു മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ ചൂണ്ടിക്കാട്ടി.  സ്വാഭാവികമായ ചെറിയ പിഴവുകൾ തിരുത്തി കൂടുതൽ മികച്ച രീതിയിൽ അടുത്ത വർഷം കേരളീയം സംഘടിപ്പിക്കാനും കൂടുതൽ പങ്കാളിത്തം ഉറപ്പു വരുത്താനും ഈ വിജയം പ്രചോദനം പകരും. അടുത്ത കേരളീയത്തിനായുള്ള തയ്യാറെടുപ്പുകൾ  ഇപ്പോഴേ ആരംഭിക്കുകയാണ്.  അതിനായി ചീഫ് സെക്രട്ടറി ചെയർമാനായി സംഘാടകസമിതിക്ക് മന്ത്രിസഭാ യോഗം രൂപം നൽകിയിട്ടുണ്ട്.  കേരളത്തെ കൂടുതൽ മികവോടെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കാം.ജീവിതനിലവാര സൂചികകൾ, പബ്ളിക് അഫയേഴ്സ് ഇൻഡക്സ്, ആരോഗ്യവിദ്യാഭ്യാസ സൂചികകൾ തുടങ്ങി ഒരു സമൂഹത്തിന്റെ നിലവാരമളക്കുന്ന മിക്ക മാനകങ്ങളിലും കേരളം ഇന്ന് രാജ്യത്ത് മുൻ നിരയിലാണ്. ദേശീയ തലത്തിൽ മാത്രമല്ല അന്താരാഷ്ട്ര തലത്തിലും നിരവധി പുരസ്കാരങ്ങൾ നമ്മെ തേടിയെത്തി. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി നാം നടത്തുന്ന പ്രവർത്തനങ്ങളും അതിവേഗം പുരോഗമിക്കുകയാണ്. 64000ത്തോളം കുടുംബങ്ങളിൽ 47.89 ശതമാനത്തെ ഇതിനകം അതിദാരിദ്ര്യത്തിൽ നിന്നു മോചിപ്പിക്കാനായിട്ടുണ്ട്. 30,658 കുടുംബങ്ങൾ. 2025 നവംബറോടെ കേരളത്തിൽ നിന്ന്  അതിദാരിദ്ര്യം തുടച്ചു നീക്കാനാണ് ലക്ഷ്യമിടുന്നത്. ദാരിദ്ര്യം തുടച്ചു നീക്കുക എന്ന ലക്ഷ്യം ആദ്യം കൈവരിക്കുന്ന സംസ്ഥാനം കേരളം ആയിരിക്കും എന്ന പ്രത്യാശയാണ്  സെമിനാറിൽ പ്രമുഖ കോൺഗ്രസ് നേതാവ് മണിശങ്കർ അയ്യർ  പങ്കുവെച്ചത്. മണിശങ്കർ അയ്യരെ പോലുള്ള പ്രഗത്ഭരുടെ പങ്കാളിത്തവും എല്ലാ ഭേദങ്ങളും മറന്നുള്ള നാനാവിഭാഗം ജനങ്ങളുടെ സാന്നിധ്യവും കേരളീയത്തെ നാടിന്റെയാകെ വികാരമായി ഉയർത്തി. കേരളീയത്തിന്റെ സമാപന സമ്മേളനത്തിൽ മുതിർന്ന ബിജെപി നേതാവ് ഒ. രാജഗോപാൽ കടന്നെത്തിയത് കേരളീയത്തെക്കുറിച്ച് ഉയർത്തിയ വിമർശനങ്ങളും ആക്ഷേപങ്ങളും ജനങ്ങളെയോ നേതൃ നിരയിലുള്ളവരെപോലുമോ ബാധിച്ചിട്ടില്ല എന്നതിന്റെ ഒരു സൂചനകളാണെന്നും മുഖ്യമന്ത്രി പറഞ്ഞു.



# കാൻസർ മരണ നിരക്ക്: സ്ത്രീകളിൽ വർധിക്കുന്നു, പുരുഷന്മാരിൽ കുറയുന്നു

## ഇന്ത്യയിൽ പൊതുവായ കാൻസറുകളിലെ പുരുഷന്മാരുടെ മരണ നിരക്ക് സ്ത്രീകളെ അപേക്ഷിച്ച് കൂടുതലായിരുന്നു പാൻക്രിയാറ്റിക് കാൻസർ മരണ നിരക്കിലാണ് ഏറ്റവും കൂടുതൽ വർധന

**കൊച്ചി:** ഇന്ത്യയിൽ പുരുഷന്മാരിലെ കാൻസർ മരണ നിരക്ക് പ്രതിവർഷം 0.19 ശതമാനം കുറയുന്നു, എന്നാൽ സ്ത്രീകളിൽ ഇത് 0.25 ശതമാനം വർധിച്ചു. എന്നാൽ ഇരുവിഭാഗങ്ങളും ചേർന്നുള്ള കണക്കിൽ 0.02 ശതമാനം വർധനയുണ്ടായിട്ടുണ്ടെന്നും 23 മേജർ കാൻസറുകളെക്കുറിച്ച് ഇന്ത്യക്കാർക്കിടയിൽ നടത്തിയ പഠനത്തിൽ കണ്ടെത്തി. 2000ത്തിനും 2019നും ഇടയിൽ ഇന്ത്യയിൽ 12.85 ദശലക്ഷം പേരാണ് കാൻസർ ബാധിച്ച് മരിച്ചത്.



കൊച്ചി അമൃത ആശുപത്രിയിലെ അജിൽഷാജി, ഡോ.കെ.പവിത്രൻ, ഡോ.ഡി.കെ.വിജയകുമാർ എന്നിവർ ലോകാരോഗ്യ സംഘടനയുടെ (ഡബ്ല്യുഎച്ച്ഒ) കാൻസർ ഗവേഷണത്തിനുള്ള രാജ്യാന്തര ഏജൻസിയിലെ ഡോ.കാഥറിൻ സൊവാഗറ്റുമായി ചേർന്ന് പഠന റിപ്പോർട്ട് അമേരിക്കൻ സൊസൈറ്റി ഓഫ് ക്ലിനിക്കൽ ഓങ്കോളജിയുമായി ബന്ധപ്പെട്ട ജെസിഒ ഗ്ലോബൽ ഓങ്കോളജി എന്ന ജേണലിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ശ്വാസകോശം, സ്തനം, കൊളോറെക്റ്റം, ലിംഫോമ, മൾട്ടിപ്പിൾ മൈലോമ, പിത്തസഞ്ചി, പാങ്ക്രിയാസ്, കിഡ്നി, മെസോതെലോമിയ തുടങ്ങിയ കാൻസറുകളിലാണ് 2000ത്തിനും 2019നും ഇടയിൽ മരണ നിരക്ക് ഉയരുന്നതെന്ന് പഠനം പറയുന്നു. ഇരുവിഭാഗത്തിലും പാങ്ക്രിയാറ്റിക് കാൻസറിലാണ് ഏറ്റവും ഉയർന്ന മരണ നിരക്ക് രേഖപ്പെടുത്തിയത്, 2.7 ശതമാനം (പുരുഷന്മാരിൽ 2.1 ശതമാനവും സ്ത്രീകളിൽ 3.7 ശതമാനവും). അതേസമയം ആമാശയം, അന്നനാളം, രക്താർബുദം, ശ്വാസനാളം, മെലനോമ തുടങ്ങിയ കാൻസറുകളിൽ ലിംഗ വ്യത്യാസമില്ലാതെ കുറഞ്ഞു.തൈറോയിഡ് (0.6), പിത്തസഞ്ചി (0.6) എന്നിവ ഒഴികെയുള്ള കാൻസറുകളില്ലെല്ലാം സ്ത്രീകളെക്കാൾ മരണ നിരക്ക് കൂടുതൽ പുരുഷന്മാരിലാണ്. ശ്വാസനാളത്തിലെ കാൻസറുകളിൽ പുരുഷന്മാരിൽ മരണ നിരക്ക് സ്ത്രീകളേക്കാൾ ആറു മടങ്ങ് കൂടുതലാണ്. ശ്വാസകോശം (2.9), മെലനോമ (2.5), മൂത്രാശയം (2.3), വായ, ഓറോഫറിൻക്സ് (2.2), കരൾ (1.9) എന്നിവ തുടർന്നു വരുന്നു. ആമാശയം, വൻകുടൽ കാൻസറുകളിൽ മരണ നിരക്ക് ഇരു ലിംഗങ്ങളിലും ഏതാണ്ട് ഒരുപോലെയാണ് പഠനം കണ്ടെത്തി.

ഇന്ത്യക്കാർക്കിടയിലെ കാൻസർ നിരക്കുകൾ ഇതുവരെ രേഖപ്പെടുത്തിയിട്ടില്ല. ഗ്ലോബൽ ഹെൽത്ത് ഒബ്സർവേറ്ററിയുട ഡാറ്റ അടിസ്ഥാനമാക്കി 2000നും 2019നും ഇടയിലുള്ള 23 പ്രധാന കാൻസറുകളുടെ മരണ നിരക്ക് വിശകലനം ചെയ്തത് അതുകൊണ്ടാണെന്നും ഒരു ദേശീയ കാൻസർ രജിസ്ട്രിയോ രാജ്യവ്യാപകമായ കാൻസർ മരണനിരക്ക് ഡാറ്റയോ ഇല്ലാത്ത സാഹചര്യത്തിൽ ഇന്ത്യയിൽ മികച്ച കാൻസർ നിയന്ത്രണ പരിപാടികൾക്ക് രൂപം നൽകുന്നതിനും കൃത്യവും കാര്യക്ഷമവുമായ ആരോഗ്യ പരിപാലന അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും ഈ എസ്റ്റിമേഷൻ അടിസ്ഥാനമാക്കിയുള്ള പഠനം ബദലാക്കാമെന്നും കൊച്ചി അമൃത ആശുപത്രിയിലെ കാൻസർ രജിസ്ട്രി മേധാവി അജിൽഷാജി പറഞ്ഞു.കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളിലായി ഇന്ത്യയിലെ കാൻസർ മരണ നിരക്കിൽ എന്തെല്ലാം മാറ്റങ്ങളുണ്ടായെന്ന് അന്വേഷിക്കാൻ തങ്ങൾ ആഗ്രഹിച്ചെന്നും, ഇന്ത്യയിലെ പുരുഷന്മാർക്കിടയിൽ കാലക്രമേണ കാൻസർ മരണ നിരക്ക് കുറവു വന്നിട്ടുള്ളതായി പഠനത്തിൽ കണ്ടെത്തിയെന്നും എന്നാൽ സ്ത്രീകളിലും ഇരു വിഭാഗം ചേർന്നുള്ള കണക്കുകളിലുള്ള നേരിയ വർധന അത്ര നിർണായകമല്ലെന്നും പൊതുവായ അർബുദങ്ങളിൽ പിത്തസഞ്ചി, തൈറോയിഡ് കാർസറുകളിൽ സ്ത്രികളുടെ മരണ നിരക്ക് പുരുഷന്മാരേക്കാൾ കൂടുതലാണെന്നും അതേസമയം, പാങ്ക്രിയാറ്റിക് കാൻസർ മരണ നിരക്ക് ഇരു ലിംഗങ്ങളിലും കൂടിയതും അതിൽ സ്ത്രീകളുടേത് ഉയർന്നു നിൽക്കുന്നതും നിർണായകമാണെന്നും കൊച്ചി അമൃത ആശുപത്രിയിലെ ബ്രസ്റ്റ്,ഗൈനക്ക് ഓങ്കോളജി വിഭാഗം മേധാവി ഡോ. ഡി.കെ.വിജയകുമാർ പറഞ്ഞു.ഇന്ത്യയിലെ വർധിച്ചു വരുന്ന കാൻസർ മരണ നിരക്കിന് പരിഹാരം കണ്ടെത്തുന്നതിന് ബഹുമുഖ സമീപനത്തിന്റെ ആവശ്യകതയെ പഠനം ഉയർത്തിക്കാട്ടുന്നുവെന്നും കാൻസർ ലക്ഷണങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, കാൻസർ ഒഴിവാക്കുന്നതിനുള്ള നയങ്ങൾ, മെച്ചപ്പെട്ട ആരോഗ്യ സൗകര്യം, പ്രത്യേകം സമർപിതമായി മനുഷ്യ വിഭവശേഷി തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നുവെന്നും കാൻസറിനെ കുറിച്ചുള്ള അറിവില്ലായ്മ ചികിൽസ വൈകിപ്പിക്കുന്നുവെന്നും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും വികസിത സ്ക്രീനിങ് പ്രോഗ്രാമുകളും ആവശ്യമാണെന്നും ജനങ്ങൾക്കിടയിൽ കാൻസർ ലക്ഷണങ്ങളെ കുറിച്ച് ബോധവൽക്കരണത്തിനായി ദീർഘകാല പദ്ധതിയാണ് വേണ്ടതെന്നും കൊച്ചി അമൃത ആശുപത്രിയിലെ മെഡിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ. കെ.പവിത്രൻ കൂട്ടിചേർത്തു.

ആഗോളതലത്തിൽ, ഹൃദയ സംബന്ധമായ അസുഖങ്ങൾ കഴിഞ്ഞാൽ ഏറ്റവും മാരകമായ രണ്ടാമത്തെ സാംക്രമികേതര രോഗമാണ് കാൻസർ. 2020ൽ ഏകദേശം 9.9 ദശലക്ഷം പേർ മരിച്ചു. ഒമ്പതു ശതമാനം കാൻസർ മരണങ്ങളും ഇന്ത്യയിലാണ്. ഒരു ലക്ഷത്തിന് 63.1 ശതമാനം എന്നതാണ് രാജ്യത്തെ കാൻസർ മരണ നിരക്ക്. ഇതിൽ പുരുഷന്മാർ 65.4 ശതമാനവും സ്ത്രീകൾ 61 ശതമാനവും വരുന്നു.2000ത്തിനും 2019നും ഇടയിൽ ഇന്ത്യയിൽ 23 പ്രധാന കാൻസർ മൂലം 12.85 ശതമാനം മരണങ്ങൾ സംഭവിച്ചു. വായഓറോഫറിംഗൽ (15.6 ശതമനാം), ആമാശയം (10.6), ശ്വാസകോശം (9.6), സ്തനം (9), വൻകുടൽ (8) കാൻസർ തുടങ്ങിയവയാണ് ഇതിൽ കൂടുതലും.

# വൈദ്യുതി ചാർജ്ജ് വർദ്ധനവ്: വ്യാപാരികൾ തിരികത്തിച്ച് പ്രതിഷേധിച്ചു




വൈദ്യുതി ചാർജ്ജ് വർദ്ധനവിനെതിരെ കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഹൈക്കോടതി ജംഗ്ഷനിൽ നടന്ന തിരി തെളിയിക്കൽ സമരം ജില്ല പ്രസിഡന്റ് പി.സി.ജോക്കബ് ഉദ്ഘാടനം ചെയ്യുന്നു.എം.സി.പോൾസൺ, പ്രദീപ് ജോസ്, എഡ്വേർഡ് ഫോസ്റ്റസ്, അബ്ദുൾ റസാഖ്, കെ.സ്.നിഷാദ് തദേവൂസ്, ഷാജഹാൻ അബ്ദുൾഖാദർ തുടങ്ങിയവർ മുൻ നിരയിൽ

**കൊച്ചി :** അടിക്കടിയുള്ള വൈദ്യുതി ചാർജ്ജ് വർദ്ധനവിനെതിരെ ഹൈക്കോടതി ജംഗ്ഷനിൽ വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ തിരി തെളിയിച്ച് പ്രതിഷേധിച്ചു. കെ.വി.വി.ഇ.എസ് ജില്ലാ പ്രസിഡന്റ് പി.സി.ജോക്കബ് പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തു. വർഷാ വർഷം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന വൈദ്യുതി മന്ത്രി കേരള ജനത്തിന്റെ ഉറക്കം കെടുത്തുകയാണെന്ന് പി.സി.ജേക്കബ് പറഞ്ഞു. വൈദ്യുതി ചാർജ്ജ് വർദ്ധനവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്കും വൈദ്യുതി മന്ത്രിക്കും പൊതുജനങ്ങളിൽ നിന്നും ഒപ്പ് ശേഖരണം നടത്തി വ്യാപാരികളുടെ നേതൃത്വത്തിൽ ഭീമ ഹർജിയും നൽകി. യൂത്ത് വിംഗ് നിയോജക മണ്ഡലം പ്രസിഡന്റ് പ്രദീപ് ജോസ് അദ്ധ്യക്ഷത വഹിച്ചു. എം സി പോൾസൻ, അബ്ദുൽ റസാഖ്, കെ.സ് നിഷാദ്, ജംഷീർ വാഴയിൽ,ടിജോ തോമസ്,എഡ്വേർഡ് ഫോസ്റ്റസ്,ഷാജഹാൻ അബ്ദുൾഖാദർ,അബ്ദുൽ ഷുക്കൂർ,തദേവൂസ്, ടി.വി.രാജു, എം.എ. പ്രോത്താസീസ്, കെ സി അനസ്,ഷിഹാബ് വി എ,നടരാജൻ എ,ഫൈസൽ പി പി ,റഷീദ് തേവര,പ്രേം തേവര,ജലീൽ ചിറ്റൂർ,ടെൻസെൻ തേവര,അഭിലാഷ് വി എ,വിനു മോഹൻ,ജോൺസൺ ലോപ്പസ് തുടങ്ങിയവർ പ്രസംഗിച്ചു.

# അണ്ഡാശയ ക്യാൻസർ : നൂതന ചികിത്സയുമായി കിംസ്ഹെൽത്ത്



**തിരുവനന്തപുരം:** അണ്ഡാശയ ക്യാൻസർ ബാധിതയിൽ നൂതന കീഹോൾ ക്യാൻസർ തെറാപ്പി വിജയകരമാക്കി തിരുവനന്തപുരം കിംസ്ഹെൽത്തിലെ മെഡിക്കൽ സംഘം. തിരുവനന്തപുരം സ്വദേശിനിയിയായ 60 വയസ്സുകാരിയിൽ സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൽട്ടന്റും കോർഡിനേറ്ററുമായ ഡോ. ജയാനന്ത് സുനിലിന്റെ നേതൃത്വത്തിലാണ് PIPAC ഫലപ്രദമാക്കിയത്. ആമാശയം, വൻകുടൽ, അണ്ഡാശയം, ഗർഭാശയം തുടങ്ങിയ ഭാഗങ്ങളിലെ ക്യാൻസർ ചികിത്സയ്ക്കായി കീഹോളിലൂടെ പ്രഷറൈസ്ഡ് എയറോസോൾ രൂപത്തിൽ കീമോതെറാപ്പി നൽകുന്നതാണ് PIPAC.

അണ്ഡാശയ ക്യാൻസറിന്റെ അഡ്വാൻസ്ഡ് സ്റ്റേജിലായിരുന്ന രോഗിയിൽ കീമോതെറാപ്പി ഫലപ്രദമാകാതെ വന്നതോടെയാണ് മെഡിക്കൽ സംഘം ജകജഅജ തിരഞ്ഞെടുത്തത്. ഒരു ഇൻഹേലർ ഉപയോഗിച്ച് ശ്വാസകോശത്തിലേക്ക് നേരിട്ട് മരുന്ന് സ്പ്രേ ചെയ്യുന്നത് പോലെ കീഹോൾ ശസ്ത്രക്രിയയിലൂടെ പ്രഷറൈസ്ഡ് എയറോസോൾ രൂപത്തിൽ കീമോതെറാപ്പി നൽകുന്നതാണ് PIPAC ചികിത്സ. ഇത്തരം കേസുകളിൽ, PIPAC കൂടുതൽ ഫലപ്രദവും സുരക്ഷിതവുമാണെന്നും പരമ്പരാഗത കീമോതെറാപ്പിയേക്കാൾ പാർശ്വഫലങ്ങൾ കുറവാണെന്നും ഡോ. ജയാനന്ത് സുനിൽ അഭിപ്രായപ്പെട്ടു.

വിശദമായ പരിശോധനകളിലാണ് അണ്ഡാശയ ക്യാൻസർ സ്ഥിരീകരിക്കുന്നത്. മൂന്ന് കീമോതെറാപ്പി സൈക്കിളുകൾ നടത്തിയെങ്കിലും, രോഗാവസ്ഥ മെച്ചപ്പെടാതെ തുടരുകയായിരുന്നു. ആറ് സൈക്കിളുകൾ പൂർത്തിയാക്കി രോഗിയെ സൈറ്റോറെഡക്റ്റീവ് ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി. ശസ്ത്രക്രിയയുടെ സമയത്ത്, പരമ്പരാഗത കീമോതെറാപ്പിയോട് പ്രതികരിക്കാത്തതിനാൽ ഡോക്ടർമാർ രണ്ടാം നിര കീമോതെറാപ്പി ആരംഭിച്ചു.

ശസ്ത്രക്രിയ പൂർത്തിയാക്കിയതിന് ശേഷവും, രക്തത്തിലെ ട്യൂമർ മാർക്കറുകൾ വർദ്ധിക്കാൻ തുടങ്ങിയതിനാൽ ജകജഅജ ലേക്ക് നീങ്ങുകയായിരുന്നു. ചികിത്സയ്ക്ക് ശേഷം രണ്ട് ദിവസത്തിനുള്ളിൽ രോഗി ആശുപത്രി വിട്ടു.

വരും ദിവസങ്ങളിൽ കൂടുതൽ സിസ്റ്റമിക് കീമോതെറാപ്പിക്ക് വിധേയയാകാൻ രോഗിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഡോക്ടർ പറഞ്ഞു.



# ആൾ കേരള സി എ കോൺഫറൻസ് കൊച്ചിയിൽ

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ കേരള ബ്രാഞ്ചുകളുടെ നേതൃത്വത്തിൽ നവരത്ന കോൺഫറൻസ് സീസൺ 4 സംഘടിപ്പിച്ചു. എറണാകുളം ബ്രാഞ്ച് ആതിഥേയത്വം വഹിച്ചു. കേരളത്തിലെ ഒൻപത് ബ്രാഞ്ചുകളും ചേരുന്നതാണ് നവരത്ന. കോവിഡ് കാലത്ത് ആരംഭിച്ച നവരത്ന കോൺഫറൻസുകൾ ഇതുവരെ ഓൺലൈനായാണ് സംഘടിപ്പിച്ചിരുന്നത്. ആദ്യമായാണ് സമ്മേളനം നേരിൽ നടത്തുന്നത്.

രണ്ടു ദിവസങ്ങളിലായി റിനൈ കൊച്ചിയിൽ നടക്കുന്ന സമ്മേളനം എസ് എ ആർ സി ചെയർമാൻ പന്നരാജ് എസ് ഉദ്ഘാടനം ചെയ്തു. ഐ സി എ ഐ ഡൽഹി സെൽട്രൽ കൗൺസിൽ അംഗം ശ്രീപ്രിയ കെ മുഖ്യപ്രഭാഷണം നടത്തി.ഒന്നിച്ചു നിന്നാൽ എല്ലാ കാര്യങ്ങളും നിർവഹിക്കാനും വിജയിക്കാനും സാധിക്കുമെന്ന് പന്നരാജ് എസ് പറഞ്ഞു. വളർച്ചയെന്നതിനെ വികസനമെന്ന് വിളിക്കാമെങ്കിലും അതൊരു അവസാനമല്ല. ഇന്ത്യയുടെ വളർച്ച ഒരു വശത്ത് അത്ഭുതപ്പെടുത്തുന്നതാണെങ്കിലും പട്ടിണിപ്പട്ടികയിൽ നൂറിനു മുകളിലാണ് ഇന്ത്യയുടെ റാങ്കിംഗെന്നത് മറുവശത്ത് കാണാതെ പോകരുതെന്നും അദ്ദേഹം പറഞ്ഞു. ചാർട്ടേഡ് അക്കൗണ്ടന്റുമാർ എല്ലായ്പോഴും സ്വതന്ത്രമായി പ്രവർത്തിക്കുന്നവരായിരിക്കണമെന്നും അതാണ് ഏറ്റവും പ്രധാനപ്പെട്ടതെന്നും ശ്രീപ്രിയ പറഞ്ഞു.

ഇന്ത്യയിൽ ഡിജിറ്റൽ ഉപയോഗം അത്ഭുതകരമായി വർധിക്കുകയും എല്ലാ കാര്യങ്ങളും മൊബൈലിലേക്ക് കേന്ദ്രീകരിക്കുകയും ചെയ്തു. സ്വകാര്യ മേഖലകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനേക്കാൾ വേഗതയിൽ സർക്കാർ മേഖലകൾ ഡിജിറ്റലൈസ് ചെയ്യപ്പെട്ട അപൂർവ്വം രാജ്യങ്ങളിലൊന്നാണ് ഇന്ത്യയെന്നും അവർ പറഞ്ഞു. അടുത്ത ഏതാനും വർഷങ്ങൾക്കകം എം എസ് എം ഇകൾ കൂടുതൽ വലുതാകുമെന്നും അവർ വിശദമാക്കി. പി സതീശൻ ആമുഖ പ്രഭാഷണം നടത്തി. എറണാകുളം ബ്രാഞ്ച് ചെയർപേഴ്സൺ ദീപ വർഗ്ഗീസ് സ്വാഗതവും ആനന്ദ് എ എസ് നന്ദിയും പറഞ്ഞു. ആദ്യ ദിവസം കമാൽ ഗാർഗ് ന്യൂഡൽഹി, ഗണേഷ് പ്രഭു ബി ചെന്നൈ, ആനന്ദ് പി ജംഗിന്ദ് ബെംഗളൂരു, പി ജി സുബ്രമണിയൻ ബെംഗളൂരു എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.



# സുസ്ഥിരതയിലേക്ക് കുതിച്ച് ശ്രീനഗറും; ടാറ്റ മോട്ടോഴ്സിന്റെ അൾട്ര ഇവി ബസുകൾ കൈമാറി

**ശ്രീനഗർ:** ടാറ്റ മോട്ടോഴ്സ്, ശ്രീനഗർ സ്മാർട്ട് സിറ്റി ലിമിറ്റഡിന് അത്യാധുനിക അൾട്രാ ഇവി എയർ കണ്ടീഷൻഡ് ഇലക്ട്രിക് ബസുകളുടെ ആദ്യ ബാച്ച് വിതരണം ചെയ്തു. ടിഎംഎൽ സ്മാർട്ട് സിറ്റി മൊബിലിറ്റി സൊല്യൂഷൻസ് (ജമ്മു ആൻഡ് കശ്മീർ) വഴിയാണ് പുതിയ ബസുകൾ കൈമാറിയത്. ജമ്മു, ശ്രീനഗർ സ്മാർട്ട് സിറ്റി പദ്ധതികൾക്കായി 12 വർഷത്തേക്ക് ശ്രീനഗറിൽ 100 ഇലക്ട്രിക് ബസുകളുടെയും ജമ്മുവിൽ 100 ഇലക്ട്രിക് ബസുകളുടെയും വിതരണവും പരിപാലിക്കുന്നതിനുമുള്ള ഓർഡർ ടാറ്റ മോട്ടോഴ്സിന് ലഭിച്ചിരുന്നു. പാരിസ്ഥിതികമായും സാമ്പത്തികമായും സുസ്ഥിരമായ പൊതുഗതാഗത ശൃംഖല സ്ഥാപിക്കുന്നതിനുള്ള ജമ്മു ആൻഡ് കാശ്മീർ സർക്കാരിന്റെ ഭവന, നഗര വികസന വകുപ്പിന്റെ ഒരു സംരംഭത്തിന്റെ ഭാഗമാണ് ഈ സഹകരണം.

നൂതന ബാറ്ററി സംവിധാനങ്ങളും ഏറ്റവും പുതിയ ഫീച്ചറുകളും ഉൾകൊള്ളിച്ച് അടുത്ത തലമുറ നിർമാണശൈലിയിൽ രൂപകൽപ്പന ചെയ്ത് തദ്ദേശിയമായി നിർമാണം പൂർത്തിയാക്കിയ ബസുകളാണ് വിതരണം ചെയ്തിരിക്കുന്നത്ജമ്മു കശ്മീർ ലഫ്റ്റണന്റ് ഗവർണർ മനോജ് സിൻഹ, ചീഫ് സെക്രട്ടറി അരുൺ കുമാർ മേത്ത, ശ്രീനഗർ മേയർ ജുനൈദ് അസിം മട്ടു, പ്രിൻസിപ്പൽ സെക്രട്ടറി പ്രശാന്ത് ഗോയൽ എന്നിവർ ചേർന്ന് പുതിയതായി നിരത്തിലിറങ്ങിയ ബസുകൾ ഫ്ലാഗ് ഓഫ് ചെയ്തു. കശ്മീർ ഡിവിഷണൽ കമ്മിഷണറും ശ്രീനഗർ സ്മാർട് സിറ്റി ചെയർമാനുമായ വിജയ് കുമാർ ബുധൂരി, ട്രാൻസ്പോർട്ട് വിഭാഗം അഡ്മിനിസ്ട്രേറ്റിവ് സെക്രട്ടറി പ്രസന്ന രാമസ്വാമി, ശ്രീനഗർ മുൻസിപ്പൽ കോർപ്പറേഷൻ കമ്മീഷണറും ശ്രീനഗർ സ്മാർട് സിറ്റി സിഇഒയുമായ അത്തർ അമീർ ഖാൻ ഐഎഎസ് എന്നിവർക്ക് പുറമെ വിവിധ സർക്കാർ ഉദ്യോഗസ്ഥരും ടാറ്റ മോട്ടോഴ്സ് പ്രതിനിധികളും ചടങ്ങിന്റെ ഭാഗമായി.



# ശ്രീശ്രീരവിശങ്കർ വിദ്യാമന്ദിർ സോക്കർ ടൂർണമെന്റ്: അൽ അമീനും സെന്റ് ആൻസും ജേതാക്കൾ

**കൊച്ചി:** ശ്രീശ്രീരവിശങ്കർ വിദ്യാമന്ദിർ സ്കൂളിന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ വിവിധ സ്കൂളുകളെ പങ്കെടുപ്പിച്ച് ഫുട്ബാൾ മത്സരം സംഘടിപ്പിച്ചു. രണ്ടു ദിവസങ്ങളിലായി നടന്ന ടൂർണമെന്റിൽ സീനിയർ, ജൂനിയർ വിഭാഗങ്ങളിലായി പതിനേഴ് സ്കൂളുകൾ പങ്കെടുത്തു. മത്സരം പ്രിൻസിപ്പൽ രാജലക്ഷ്മി ജിജി കിക്ക് ഓഫ് ചെയ്തു. ഫൈനൽ മത്സരത്തിൽ സീനിയർ വിഭാഗത്തിൽ അൽ അമീൻ പബ്ലിക്ക് സ്കൂൾ ഇടപ്പള്ളിയും ജൂനിയർ വിഭാഗത്തിൽ സെന്റ് ആൻസ് പബ്ലിക്ക് സ്കൂളും ജേതാക്കളായി. നജാത്ത് പബ്ലിക്ക് സ്കൂൾ, അസീസി വിദ്യാനികേതൻ എന്നീ സ്കൂളുകൾ സീനിയർ, ജൂനിയർ വിഭാഗങ്ങളിൽ റണ്ണേഴ്സ് അപ്പായി. സമാപന സമ്മേളനത്തിൽ കേരള ഫുട്ബാൾ അസോസിയേഷൻ ജനറൽ സെക്രട്ടറി പി അനിൽ കുമാർ സമ്മാനങ്ങൾ വിതരണം ചെയ്തു.



# പൊന്നാനി കോൾ മേഖലയിലെ ജലക്ഷാമത്തിന് പരിഹാരമാകും

**പൊന്നാനി:** പൊന്നാനി താലൂക്കിലെ കാർഷിക മേഖലയിലെ ജലക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുമെന്ന് പി.നന്ദകുമാർ എംഎൽഎ. കൃഷി, ജലസേചന വകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലാണ് തീരുമാനം.

ചമ്രവട്ടം റെഗുലേറ്ററിന് മേൽഭാഗത്തെ ഞാറക്കലിൽ നിന്നു ശുദ്ധജലം ബിയ്യം കായലിൽ എത്തിക്കുന്ന ഭാരതപ്പുഴബിയ്യം കായൽ ലിങ്ക് കനാൽ പദ്ധതി അടിയന്തരമായി നടപ്പാക്കാനും യോഗത്തിൽ തീരുമാനമായി. ഒന്പത് കിലോമീറ്ററിലാണ് ലിങ്ക് കനാലിൻറെ നിർമാണം. 23.5 കോടി രൂപയാണ് പദ്ധതിയുടെ ചെലവ് പ്രതീക്ഷിക്കുന്നത്.

സിഡബ്ല്യുആർഡിയുടെ അന്തിമ പരിശോധനാ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ സർക്കാരിന് എസ്റ്റിമേറ്റ് നൽകാനും യോഗത്തിൽ ധാരണയായി. പദ്ധതി യാഥാർഥ്യമാകുന്നതോടെ ബിയ്യം കായൽ ഏതു സമയത്തും ജലസമൃദ്ധമാകുന്നതോടൊപ്പം കോൾനിലങ്ങളിലും വെള്ളം ലഭ്യമാകും.

ഭാരതപ്പുഴയിൽ നിന്നു വെള്ളം പൈപ്പ് വഴി കൃഷി മേഖലയിലെ കനാലുകളിലേക്കും തോടുകളിലേക്കുമെത്തിച്ച് കർഷകർക്കാവശ്യമായ ജലലഭ്യത ഉറപ്പു വരുത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പൊന്നാനി കോളിലെ വിവിധ പ്രദേശങ്ങളിലെ കോൾ കർഷകർക്ക് ജലലഭ്യത ഉറപ്പുവരുത്തുന്ന രീതിയിലാണ് ജലസേചന വകുപ്പും കൃഷി വകുപ്പും സംയുക്തമായി പദ്ധതി നടപ്പാക്കുന്നത്. ഇതോടെ പ്രദേശത്തെ പുഞ്ചകൃഷിയും കോൾ കൃഷിയും സാധ്യമാകുന്നതോടൊപ്പം തവനൂർ, കാലടി പഞ്ചായത്തുകളിലെ ഉൾപ്പെടെ കുടിവെള്ളക്ഷാമത്തിനും പദ്ധതി യാഥാർഥ്യമാകുന്നതോടെ പരിഹാരമാകും.

പി. നന്ദകുമാർ എംഎൽഎയുടെ നേതൃത്വത്തിൽ ചന്തപ്പടി റസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിന് ശേഷമാണ് സംഘം പദ്ധതി പ്രദേശം സന്ദർശിച്ചത്. പെരുന്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അഡ്വ. സിന്ധു, പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സി.രാമകൃഷ്ണൻ, തവനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സി.പി നസീറ, വൈസ് പ്രസിഡൻറ് ശിവദാസ്, പൊന്നാനി നഗരസഭാ ആസൂത്രണ കമ്മിറ്റി ഉപാധ്യക്ഷൻ സി.പി മുഹമ്മദ്കുഞ്ഞി, ഇറിഗേഷൻ സൂപ്രണ്ടിംഗ് എൻജിനീയർ ഐ.കെ മോഹനൻ, മേജർ ഇറിഗേഷൻ എ.ഇ അജ്മൽ, സിഡബ്ല്യുആർഡിഎം സയൻറിസ്റ്റ് ടി.കെ ദൃശ്യ, കർഷക പ്രതിനിധി പി. ജ്യോതിഭാസ്, ജലസേചന വകുപ്പ്, കൃഷി വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

# എബിലിറ്റീസ് ഇന്ത്യാ എക്സ്പോ ഡിസംബർ 13 മുതൽ അങ്കമാലിയിൽ

**കൊച്ചി:** ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കുമുള്ള ഉൽപ്പന്നങ്ങളുടേയും സേവനങ്ങളുടേയും രാജ്യത്തെ ആദ്യത്തേതും സമഗ്രവുമായ വ്യവസായ പ്രദർശനം എബിലിറ്റീസ് ഇന്ത്യാ എക്സ്പോ 2023 ഡിസംബർ 13 മുതൽ 17 വരെ അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷനൽ എക്സിബിഷൻ ആൻഡ് കൺവെൻഷൻ സെന്ററിൽ നടക്കും. 10,000ലേറെ ച മീറ്റർ വിസ്തൃതിയിലുള്ള പ്രദർശന വേദിയിൽ കൊച്ചി ആസ്ഥാനമായ വാൽസൽ എബിലിറ്റീസ് ആൻഡ് അസിസ്റ്റീവ് ടെക്നോളജീസ് സംഘടിപ്പിക്കുന്ന പ്രദർശനത്തിൽ ആയിരത്തിലേറെ സ്ഥാപനങ്ങൾ വിവിധ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കുമെന്ന് മാനേജിംഗ് ഡയറക്ടർ സൈമൺ ജോർജ് പറഞ്ഞു. ഈ മേഖലയിലെ നൂതന ഉൽപ്പന്നങ്ങൾ, അസിസ്റ്റീവ് ടെക്നോളജി സൊലൂഷൻസ്, വയോജനങ്ങൾക്കുള്ള സേവനങ്ങൾ, അംഗീകൃത ശിൽപ്പശാലകൾ, ഹോം അക്സസ് സംബന്ധിച്ച സെമിനാറുകൾ, പൊതുഇടങ്ങളിലേയും ജോലിസ്ഥലങ്ങളിലേയും പ്രവേശ്യത, ഗുണനിലവാരമുള്ള ജീവിതശൈലി, ജോലിസ്ഥലത്തെ ഉൾച്ചേരൽ, റോബോടിക്സ്, എഐ, പുനരധിവാസം, സ്പെഷ്യൽ കെയർ തുടങ്ങിയവയാകും പ്രദർശനത്തിന്റെ പ്രധാന സവിശേഷതകളെന്നും സൈമൺ ജോർജ് പറഞ്ഞു.ഭിന്നശേഷിക്കാർക്കുള്ള വൈവാഹിക സംഗമം, തൊഴിൽമേള, വിനോദപരിപാടികൾ, ഭക്ഷ്യമേള, മെഡിക്കൽ ടൂറിസം ഫെസ്റ്റ്, അക്സെസിബ്ൾ ടൂറിസം ഫെസ്റ്റ്, ഷോർട്ട് ഫിലിം ഫെസ്റ്റ്, കലാസാംസ്കാരികപരിപാടികൾ, ഫാഷൻ വിക്ക്, വിവിധ മേഖലകളിലെ നേട്ടങ്ങൾക്കുള്ള അവാർഡുകൾ എന്നിവയും പ്രദർശനത്തിന്റെ ഭാഗമായുണ്ടാകും. ഭിന്നശേഷിക്കാർ, വയോജനങ്ങൾ, അവരുടെ കുടുംബാംഗങ്ങൾ, കെയർഗിവേഴ്സ്, സേവനദാതാക്കൾ, സപ്പോർട്ടിംഗ് ഏജൻസികൾ തുടങ്ങിയവരെ പ്രദർശനം ഒരു മേൽക്കൂരയ്ക്കു കീഴിൽ ഒരുമിച്ചു കൊണ്ടുവരുമെന്ന് സൈമൺ ജോർജ് പറഞ്ഞു.രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ഒരു ലക്ഷത്തോളം സന്ദർശകരെയാണ് പ്രദർശനത്തിന് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാരിനു കീഴിലുള്ള എംഎസ്എംഇ വകുപ്പ്, കേരള സ്റ്റാർട്ടപ്പ് മിഷൻ, കെഡിസ്ക്, ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് പ്രദർശനം സംഘടിപ്പിക്കുന്നതെന്നും സൈമൺ ജോർജ് പറഞ്ഞു.വിവരങ്ങൾക്ക് ഫോൺ 88483 67546

# ബേപ്പൂർ വാട്ടർ ഫെസ്റ്റ് ഡിസംബർ 27 മുതൽ

**കോഴിക്കോട്:** ബേപ്പൂർ വാട്ടർ ഫെസ്റ്റ് സീസൺ മൂന്ന് ദേശീയ ശ്രദ്ധ നേടുന്ന രീതിയിൽ മികച്ച രീതിയിൽ സംഘടിപ്പിക്കും. പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംഘാടക സമിതി യോഗം കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു. മുൻ വർഷങ്ങളെക്കാൾ വിപുലമായ രീതിയിൽ ഇത്തവണ വാട്ടർ ഫെസ്റ്റ് സംഘടിപ്പിക്കുമെന്ന് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് പറഞ്ഞു. ഡിസംബർ 27 മുതൽ 30 വരെയാണ് വാട്ടർ ഫെസ്റ്റ്.

ബേപ്പൂർ വാട്ടർ ഫെസ്റ്റ് ഇത്തവണ കോഴിക്കോട് നഗരത്തിലേക്കും വ്യാപിപ്പിക്കും. കോഴിക്കോട് ബീച്ചിൽ ഉൾപ്പടെ പരിപാടികൾ സംഘടിപ്പിക്കും. രാജ്യാന്തര വിനോദസഞ്ചരികളെ കൂടെ ആകർഷിക്കുന്ന നിലയിലാണ് പരിപാടികൾ ആസൂത്രണം ചെയ്യുക. പാർക്കിംഗ്, ഗതാഗത തടസ്സം, ജങ്കാർ സർവീസ് തുടങ്ങിയ കാര്യങ്ങൾ വിവിധ വകുപ്പുകളുമായി ചേർന്ന് എകോപിപ്പിക്കും.

യോഗത്തിൽ കോർപ്പറേഷൻ സ്ഥിരം സമിതി ചെയർപേഴ്സൺ കെ കൃഷ്ണകുമാരി, കൗൺസിലർമാരായ ടി രജനി, ടി കെ ഷെമീന, വാടിയിൽ നവാസ്, കൊല്ലരത്ത് സുരേശൻ എഡിഎം സി മുഹമ്മദ് റഫീഖ്, ഡെപ്യൂട്ടി പോലിസ് കമ്മീഷണർ കെ ഇ ബൈജു, ഡെപ്യൂട്ടി കലക്ടർമാരായ ഇ അനിതകുമാരി, കെ. ഹിമ, ഫിഷറീസ് ഡി. ഡി പി. വി സതീശൻ, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഒ. രാജഗോപാൽ, ബേപ്പൂർ മണ്ഡലം വികസന സമിതി ചെയർമാൻ എം ഗിരീഷ്, ടൂറിസം ജോയിന്റ് ഡയറക്ടർ ഡി ഗിരീഷ് കുമാർ, ഡി ടി പി സി സെക്രട്ടറി നിഖിൽ ദാസ്, രാധാ ഗോപി, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, തുടങ്ങിയവർ പങ്കെടുത്തു.

# കർഷകർ കൃഷിനാശം റിപ്പോർട്ട് ചെയ്യണം

**ഇടുക്കി:** ശാന്തൻപാറ, ഉടുമ്പൻചോല, പാമ്പാടുംപാറ മേഖലകളിൽ ഉണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും വ്യാപകമായ കൃഷിനാശം സംഭവിച്ചതായി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ശാന്തൻപാറയിലെ പേത്തൊട്ടി , പുത്തടി, ബോഡിമെഡ് ഭാഗങ്ങളിലും ഉടുമ്പൻചോലയിൽ ചതുരംഗപ്പാറയിലും, പാമ്പാടുംപാറയിൽ കൗന്തി മേഖലയിലുമാണ് കൃഷിനാശം സംഭവിച്ചത്. ഏകദേശം 15 ഹെക്ടറിലധികം ഏലകൃഷിയും 10 ഹെക്ടറിലധികം കൃഷിഭൂമിയും ഒലിച്ചുപോയിട്ടുണ്ട് . കാർഷിക മേഖലയിൽ ആകെ 15 ലക്ഷത്തിലധികം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടൊന്നാണ് കൃഷി വകുപ്പിന്റെ പ്രാഥമിക വിലയിരുത്തൽ. കൃഷി ഭൂമിയും, കൃഷിനാശവും സംഭവിച്ച കർഷകർ പത്ത് ദിവസത്തിനകം കൃഷി ഭവനിലെത്തി എയിംസ് പോർട്ടൽ മുഖേന കൃഷിനാശത്തിന് അപേക്ഷ സമർപ്പിക്കേണ്ടതാണ് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

# അഴീക്കോട് മാരിടൈം കോളേജിൽ പുതിയ കോഴ്സുകൾക്ക് തുടക്കമാകുന്നു

**തൃശൂർ:** അഴീക്കോട് മാരിടൈം കോളേജിൽ ഉൾനാടൻ ജലഗതാഗത നിയമപ്രകാരം പരിഷ്കരിച്ച ഐ.വി (ഇൻലാൻഡ് വെസ്സൽ) റൂൾ പ്രകാരമുള്ള കോഴ്സുകൾക്ക് തുടക്കമാകുന്നു. കോഴ്സുകളുടെ ഉദ്ഘാടനം നവംബർ 9ന് ഉച്ചയ്ക്ക് 12 ന് അഴീക്കോട് മുനക്കൽ മുസിരീസ് ഡോൾഫിൻ ബീച്ചിലെ മാരിടൈം അക്കാദമിയിൽ മന്ത്രി അഹമ്മദ് ദേവർകോവിൽ നിർവഹിക്കും.

സംസ്ഥാനത്തിന്റെ വിവിധ മേഖലയിൽ ഉള്ളവർക്കും തീരദേശത്തെ മത്സ്യ തൊഴിലാളികളടക്കം നിരവധി പേർക്ക് തൊഴിൽ സാധ്യത നൽകുന്നതാണ് പുതിയ കോഴ്സുകളെന്നും ഇ.ടി. ടൈസൺ മാസ്റ്റർ എംഎൽഎ പറഞ്ഞു. തീരദേശ മേഖലയിലും ഉൾനാടൻ ജലഗതാഗത മേഖലയിലും സാമൂഹിക മേഖലയിലും വർദ്ധിച്ച് വരുന്ന തൊഴിലവസരങ്ങൾക്ക് സാധ്യത നൽകുന്ന പ്രൊഫഷണൽ യോഗ്യതയുള്ള വിദഗ്ധരെ വാർത്തെടുക്കാനും പരിശീലനങ്ങൾ നൽകാനുമാണ് പുതിയ കോഴ്സുകൾ അനുവദിച്ചിരിക്കുന്നത്. ചടങ്ങിൽ ബെന്നി ബെഹനാൻ എംപി മുഖ്യാതിഥിയും ഇ.ടി ടൈസൺ മാസ്റ്റർ എംഎൽഎ അധ്യക്ഷനുമാകും. ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

# ലോഗോ പ്രകാശനം ചെയ്തു

**കോഴിക്കോട്:** 62ാമത്തെ കോഴിക്കോട് റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിന്റെ ലോഗോ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിം?ഗ് കലാമേളയുടെ ജനറൽ കൺവീനറും ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടറുമായ സി മനോജ് കുമാറിന് നൽകി പ്രകാശനം ചെയ്തു. 27 ലോഗോകളിൽ നിന്ന് പന്നിയങ്കര സ്വദേശി മുഹമ്മദ് ഹാരിസ് തയ്യാറാക്കിയ ലോഗോ ആണ് തെരഞ്ഞെടുക്കപ്പെട്ടത്. ഡിസംബർ നാല് മുതൽ എട്ട് വരെ പേരാമ്പ്രയിലാണ് റവന്യൂ ജില്ലാ സ്കൂൾ കലോത്സവം അരങ്ങേറുക.

കലക്ടറുടെ ചേമ്പറിൽ നടന്ന ചടങ്ങിൽ ഹയർ സെക്കന്ററി റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ എം സന്തോഷ് കുമാർ, മീഡിയ ആന്റ് പബ്ലിസിറ്റി കമ്മറ്റി കൺവീനർ സി.കെ. അനിൽകുമാർ, എം റിയാസ്, കെ പി അനിൽകുമാർ, കെ വി ഷിബു, എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

# സർക്കാരിന്റെ മനുഷ്യാവകാശ ലംഘനം; സൂചനാ പണിമുടക്ക് നടത്തി ഹൗസ് സർജന്മാർ




വിദേശത്ത് എം.ബി.ബി.എസ് പഠനം പൂർത്തിയാക്കി കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ജോലിചെയ്യുന്ന ഹൗസ് സർജന്മാരോട് സംസ്ഥാന സർക്കാർ കാട്ടുന്ന മനുഷ്യാവകാശ ലംഘനത്തിൽ പ്രതിഷേധിച്ച് എഫ്.എം.ജി ഹൗസ് സർജൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ എറണാകുളം ജനറൽ ആശുപത്രിയിലെ ഹൗസ് സർജന്മാർ പണിമുടക്കി സമരം നടത്തിയപ്പോൾ.

**കൊച്ചി :** വിദേശത്ത് നിന്നും എം.ബി.ബി.എസ് പഠനം പൂർത്തിയാക്കി കേരളത്തിലെ സർക്കാർ ആശുപത്രികളിൽ രാപകൽ ജോലിചെയ്യുന്ന ഹൗസ് സർജന്മാരോട് സർക്കാർ കാട്ടുന്ന മനുഷ്യാവകാശ ലംഘനത്തിനെതിരെ സൂചനാ പണിമുടക്ക് നടത്തി ഹൗസ് സർജ്ജന്മാരുടെ പ്രതിഷേധം. സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഐ.എം.എ കൊച്ചി. കേരളത്തിൽ എം.ബി.ബി.എസ് പഠനം പൂർത്തിയാക്കി ഹൗസ് സർജൻസി ചെയ്യുന്നവർക്ക് സംസ്ഥാന സർക്കാർ സ്റ്റൈപ്പൻഡ് നൽകുന്നുണ്ടെങ്കിലും വിദേശത്ത് നിന്നും പഠനം കഴിഞ്ഞെത്തി സർക്കാർ ആശുപത്രികളിൽ ഹൗസ് സർജൻസി നടത്തുന്നവർക്ക് സ്റ്റൈപ്പൻഡ് നൽകാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചായിരുന്നു എഫ്.എം.ജി ഹൗസ് സർജൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് ജനറൽ ആശുപത്രികളിലെ ഹൗസ് സർജ്ജന്മാർ സൂചനാ സമരം നടത്തിയത്. 24 ഉം 48 ഉം മണിക്കൂർ തുടർച്ചയായി ജോലി ചെയ്യുന്നവരാണ് കേരളത്തിലെ സർക്കാർ ആശുപത്രികളിലെ ഹൗസ് സർജന്മാർ. എന്നാൽ കേരളത്തിൽ പഠിച്ചിറങ്ങുന്ന ഹൗസ് സർജന്മാർക്ക് ഒരു നീതിയും വിദേശത്ത് നിന്നും പഠിച്ചെത്തുന്നവർക്ക് മറ്റൊരു നീതിയുമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതെന്ന് ഹൗസ് സർജന്മാർ പറഞ്ഞു. കേരളത്തിൽ പഠിച്ചിറങ്ങുന്ന ഹൗസ് സർജന്മാർ ചെയ്യുന്ന അതേ ജോലി തന്നെയാണ് തങ്ങളും സർക്കാർ ആശുപത്രികളിൽ ചെയ്യുന്നത്. പലപ്പോഴും വിശ്രമിക്കാൻ പോലും സമയം കിട്ടാറില്ലെന്നും ഇവർ പറയുന്നു. തങ്ങളും മനുഷ്യർ തന്നെയാണ്. മറ്റുള്ളവരെപ്പോലെ തങ്ങൾക്കും മനുഷ്യാവകാശം ഉണ്ട്. വിദേശത്ത് എംബിബിഎസ് പഠനം പൂർത്തിയാക്കി നാട്ടിലെത്തി പെർമനന്റ് രജിസ്ട്രേഷനുവേണ്ടി കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ അപേക്ഷ നൽകിയിരിക്കുന്നവരാണ് തങ്ങൾ. ഹൗസ് സർജന്മാർക്ക് തുല്യവേതനം നൽകണമെന്ന് വ്യക്തമാക്കി നാഷണൽ മെഡിക്കൽ കൗൺസിൽ 2022 ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മറ്റു സംസ്ഥാനങ്ങളിൽ ഇത് നടപ്പാക്കിയെങ്കിലും കേരളത്തിലെ സർക്കാർ നാളിതുവരെ ഇതിന് തയ്യാറായിട്ടില്ലെന്നും ഹൗസ് സർജൻമാർ പറഞ്ഞു. ഇതിൽ പ്രതിഷേധിച്ചാണ് വിദേശത്ത് എംബിബിഎസ് പഠനം പൂർത്തിയാക്കിയ ഹൗസ് സർജന്മാർ അത്യാഹിത വിഭാഗങ്ങളുടെ പ്രവർത്തനത്തെ ബാധിക്കാതെ 24 മണിക്കൂർ സൂചനാ സമരം നടത്തിയത്. എറണാകുളം ഗവൺമെന്റ് ആശുപത്രിയിൽ ജോലിചെയ്യുന്ന 120 ഹൗസ് സർജന്മാരും പണിമുടക്കിൽ പങ്കെടുത്തു. തങ്ങളുടെ ആവശ്യം ഇനിയും പരിഗണിച്ചില്ലെങ്കിൽ വരും ദിവസങ്ങളിൽ ശക്തമായ സമരവുമായി രംഗത്തിറങ്ങുമെന്നും ഹൗസ് സർജ്ജന്മാർ പറഞ്ഞു. ഹൗസ് സർജന്മാർ ഉന്നയിച്ചിരിക്കുന്ന ആവശ്യം ന്യായമാണെന്നും സമരത്തിന് ഐ.എം.എ കൊച്ചിയുടെ പൂർണ പിന്തുണയുണ്ടെന്നും പ്രസിഡന്റ് ഡോ.എം.എം ഹനീഷ്, സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ എന്നിവർ പറഞ്ഞു.

## വനാമി ചെമ്മീൻ കൃഷിയ്ക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരളസർക്കാരിന്റെ വനാമി ചെമ്മീൻ കൃഷി വികസനപദ്ധതി എറണാകുളം,തൃശൂർ ജില്ലകളിൽ നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോമിന്റെ മാതൃക, ധനസഹായം സംബന്ധിച്ച വിവരങ്ങൾ എന്നിവ ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള അഉഅഗന്റെ ഓഫീസുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ രേഖകൾ സഹിതം റീജിയണൽ ഓഫീസ്, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള, (ADAK), സെൻട്രൽ സോൺ, സി.സി.603907, പെരുമാനൂർ പി.ഒ, കനാൽ റോഡ്, തേവര, കൊച്ചി682015, എന്ന വിലാസത്തിൽ 20.11.23 5 പി.എം.ന് മുൻപ് ലഭിക്കണം. തൃശൂർ ജില്ലയിൽ കർഷകർക്ക് അപേക്ഷകൾ അഉഅഗ പൊയ്യ ഫാമിൽ നേരിട്ട് നൽകാം. അർഹത സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്കായി താഴെപ്പറയുന്ന നമ്പരിൽ ബന്ധപ്പെടാം. 04842665479 ADAK എറണാകുളം ഓഫീസ്. 8078030733അഉഅഗ പൊയ്യ ഫാം

## മരങ്ങൾ ലേലം ചെയ്യും

**കൊച്ചി:** എറണാകുളം റൂറൽ ജില്ലയിൽ കുറുപ്പംപടി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിൽക്കുന്ന മാവ്, മഹാഗണി, പാഴ്മരം , തമ്പകം, പുളിമരം, പ്ലാവ് എന്നീ മരങ്ങൾ നവംബർ 20 രാവിലെ 11ന് ലേലം ചെയ്യുന്നു. താത്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 11ന് മുമ്പായി നിരതദ്രവ്യമായ 27,555 രൂപ കെട്ടിവയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842624455.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കാക്കനാട് വർക്കിങ് വുമൺസ് ഹോസ്റ്റലിൽ പഴയ ഇൻസിനറേറ്റർ പൊളിച്ചു നീക്കം ചെയ്യുന്നതിലേക്കും പുതിയ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിലേക്കുമായി ക്വട്ടേഷൻ ക്ഷണിച്ചു .ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി നവംബർ17 വൈകീട്ട് 3 വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2369059.

# പ്രപഞ്ചാരാധന വിശ്വപീഠാതിഹത്യക്ക് അറുതിവരുത്തും : വെൺമണി പരമേശ്വരൻ നമ്പൂതിരിപാട്



എറണാകുളത്തപ്പൻ മൈതാനിയിൽ നടന്ന ശ്രീമദ് നാരായണീയ മഹോത്സവത്തിൽ ശബരിമല,ഗുരുവായൂർ മുൻ മേൽശാന്തി എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയുടെ കാർമ്മികത്വത്തിൽ തുളസി വിവാഹവും, ഗുരുവായൂർ മുൻ മേൽശാന്തി ഡോ കിരൺ ആനന്ദന്റെ കാർമ്മികത്വത്തിൽ ധന്വന്തരി പൂജയും



സക്ഷമയുടെ നേതൃത്വത്തിൽ നാരായണീയ മഹോത്സവത്തോടനനുബന്ധിച്ച് നടന്ന നേത്ര പരിശോധനയുടെയും നേത്രദാന ക്യാമ്പിന്റെയും ഉദ്ഘാടനം മഹാമണ്ഡലേശ്വർ സ്വാമി പ്രഭാകരാനന്ദസരസ്വതി നിർവ്വഹിക്കുന്നു.

**കൊച്ചി:** പപഞ്ചത്തെ ആരാധിക്കുന്നതിലൂടെ വിശ്വപീഠാതിഹത്യക്ക് അറുതിവരുത്താൻ കഴിയുമെന്ന് വെൺമണി പരമേശ്വരൻ നമ്പൂതിരിപാട്. വിരാട പുരഷവർണ്ണനയെ സംബ്ധിച്ച് കൊച്ചി എറണാകുളത്തപ്പൻ മൈതാനനത്ത് നടക്കുന്ന ശ്രീമദ് നാരായണീയ മഹോത്സവം പരിപാടിയിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിരാഡപുരുഷൻ എന്നത് അവ്യക്തതയാണ് കാണിക്കുന്നത്. വിശ്വമായി ഈശ്വരനെ ആരാധിക്കുമ്പോൾ വിഷയബുദ്ധിയിൽ നിന്ന് വിശേഷ ബുദ്ധിയിലേക്കും, മഹത്വത്തിൽ നിന്ന് സമത്വത്തിലേക്കും നമ്മൾ നീങ്ങും. അപ്പോൾ വിശ്വമായി ഈശ്വരനെ ആരാധിക്കാൻ കഴിയുമെന്നും, പ്രപഞ്ചത്തെ ആരാധിക്കുന്നതിലൂടെ വിശ്വപീഠാതിഹത്യക്ക് അറുതിവരുത്താൻ കഴിയുമെന്നുമാണ് വിവക്ഷ.എതൊരു ജീവന്റെയും സ്വഭാവം ധ്യാനമാണെന്നും, ഗർഭസ്ഥശിശു അനുഭവിക്കുന്ന അവസ്ഥയാണ് യഥാർത്ഥ ധ്യാനമെന്നും ഭക്ത പ്രഹൽദനെ സംബന്ധിച്ച് പ്രഭാഷണം നടത്തിയ ശ്രീകൃഷ്ണാമയാനന്ദതീർത്ഥ പാദർ സ്വാമികൾ പറഞ്ഞു. നാം സ്വഭാവങ്ങളെന്ന് വിവരിക്കുന്നത് ശീലങ്ങളെയാണെന്നും അദ്ദേഹം പറഞ്ഞു. പിറന്ന് കഴിഞ്ഞാൽ ദൈവീകതക്ക് പകരം ഭൗതികതയിലേക്ക് നീങ്ങാനാണ് മനുഷ്യന് താത്പര്യം. പ്രഹൽന്ദനിലും, ഹിരണ്യകാശ്യപുവിലും പ്രകടമായകാര്യങ്ങൾ യുഗയുഗാന്തരങ്ങൾക്ക് മുൻമ്പുള്ളതാണ്. അത് ഇന്നത്തെ മനുഷ്യനുമായി ബന്ധപ്പെടുത്തുകയാണ് ഭക്ത പ്രഹൽദ ചിന്തയിലൂടെ നാം ചെയ്യുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.ബ്രഹ്മശ്രീ എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയുടെ കാർമ്മികത്വത്തിൽ തുളസി വിവാഹവും, ഡോ കിരൺ ആനന്ദന്റെ കാർമ്മികത്വത്തിൽ തയ്യാറാക്കിയ നാരായണിയ തൈലം പ്രസാദവും ഭക്തർക്ക് വിതരണം നടത്തി. ദീപാരാധനക്ക് ശേഷം മാതാ അമൃതാനന്ദമഠത്തിന്റെ നേതൃത്വത്തിൽ അമൃതോത്സവം നടന്നു.

## ശ്രീരാമജന്മഭൂമി പ്രാണ പ്രതിഷ്ഠ : അക്ഷത കുംഭത്തിന് പാവക്കുളത്ത് ഇന്ന് സ്വീകരണം

**കൊച്ചി:** അയോധ്യയിലെ ശ്രീരാമജന്മഭൂമി പ്രാണ പ്രതിഷ്ഠയോടനുബന്ധിച്ച് രാംലല്ലയ്ക്ക് പൂജ ചെയ്ത അക്ഷത കുംഭത്തിന് പാവക്കുളം ക്ഷേത്രത്തിൽ ഇന്ന് രാവിലെ 10 ന് സ്വീകരണം നൽകുമെന്ന് വിശ്വഹിന്ദു പരിഷത്ത് ജില്ലാ പ്രസിഡന്റ് വി.ശ്രീകുമാർ, പാവക്കുളം ക്ഷേത്ര സമിതി പ്രസിഡന്റ് ടി പങ്കജാക്ഷൻ, സെക്രട്ടറി വിനോദ് കരോളിൽ എന്നിവർ അറിയിച്ചു.

## മൂന്നാം ത്രൈമാസത്തിൽ 31 ശതമാനം വളർച്ച രേഖപ്പെടുത്തി കെഎസ്ബി

**കൊച്ചി:** പമ്പ്, വാൽവ് നിർമ്മാതാക്കളായ കെഎസ്ബി ലിമിറ്റഡ് 2023 സെപ്റ്റംബർ 30ന് അവസാനിച്ച ത്രൈമാസത്തിൽ 5637 ദശലക്ഷം രൂപയുടെ വിൽപന നടത്തി. മുൻ വർഷത്തെ അപേക്ഷിച്ച് 31 ശതമാനം വർധനവാണിത്. ഈ വർഷത്തെ ആദ്യ മൂന്നു ത്രൈമാസങ്ങളിലുമായി 16,446 ദശലക്ഷം രൂപയുടെ വിൽപനയാണു കമ്പനി കൈവരിച്ചിട്ടുള്ളത്. മുൻ വർഷത്തെ അപേക്ഷിച് 27 ശതമാനം വർധനവാണിത് സിബഇ വാൽവ്സ് ഡിവിഷൻ എക്കാലത്തേയും ഉയർന്ന നിലയിൽ 3173 ദശലക്ഷം രൂപയുടെ ഓർഡറും കരസ്ഥമാക്കിയിട്ടു. ന്യൂക്ലിയർ ബിസിസ് വിഭാഗം ന്യൂക്ലിയർ പവർ കോർപറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് ആക്സിലറി പമ്പുകളുടെ 551 ദശലക്ഷം രൂപയുടെ ഓർഡറുകളും കരസ്ഥമാക്കിയിട്ട്. 205 ദശലക്ഷം രൂപയുടെ കയറ്റുമതി ഓർഡറുകളും കമ്പനി നേടിയിട്ട്

## ബമ്പർ ഹോളീഡേ സീസണിന് ആമസോൺ

**കൊച്ചി:** ബ്ലാക്ക് ഫ്രൈഡേയുടേയും സൈബർ മൺഡേയുടേയും അനുബന്ധമായുള്ള വാർഷിക സെയിലുകളുടെ ഭാഗമായി ദശലക്ഷക്കണക്കിന് മെയ്ഡ് ഇൻ ഇന്ത്യ ഉൽപന്നങ്ങൾ ഉപഭോക്താക്കൾക്കായി അവതരിപ്പിക്കാൻ ആമസോൺ ഗ്ലോബൽ സെല്ലിങ് പ്രോഗ്രാമിലെ ഇന്ത്യൻ കയറ്റുമതിക്കാർ തയ്യാറായതായി ആമസോൺ അറിയിച്ചു. നവംബർ 17 മുതൽ 27 വരെ നടക്കുന്ന സെയിലിനായി ലോകമെങ്ങുമുള്ള ആമസോൺ ഉപഭോക്താക്കൾക്ക് ഇന്ത്യൻ കയറ്റുമതിക്കാർ 50,000ത്തിൽ ഏറെ പുതിയ ഉൽപന്നങ്ങളാണ് ആമസോൺ ആഗോള വെബ്സൈറ്റുകളിൽ അവതരിപ്പിച്ചിട്ടുള്ളത്.

## മെഗാഷോ 'മൈ ഫെയർ ലേഡി' ഇന്ന് മുതൽ

**കൊച്ചി:** തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂൾ സ്റ്റേജ് ക്രൂ അവതരിപ്പിക്കുന്ന മെഗാ സംഗീത നാടകാവിഷ്കാരം 'മൈ ഫെയർ ലേഡി' ഇന്ന് മുതൽ നവംബർ 11 വരെ അരങ്ങേറും. 350 വിദ്യാർത്ഥികൾ ഭാഗഭാക്കാകും. ദിവസവും വൈകിട്ട് 5.45നു തിരുവാണിയൂർ പുരയ്ക്കൽ ജോസഫ് മെമ്മോറിയൽ ഓഡിറ്റോറിയത്തിലാണ് ക്ലാസിക് ആയി വിലയിരുത്തപ്പെടുന്ന 'മൈ ഫെയർ ലേഡി'യുടെ പുനരവതരണം.നവംബർ ഒൻപതിന് വിദ്യാർത്ഥികൾക്കും 10, 11 തീയതികളിൽ രക്ഷാകർത്താക്കൾക്കും അഭ്യുദയകാംക്ഷികൾക്കുമായാണ് സംഗീത ദൃശ്യ വിസ്മയം അവതരിപ്പിക്കുന്നത്.ജോർജ് ബെർണാർഡ്ഷാ 1913ൽ രചിച്ച പ്രശസ്ത നാടകം 'പിഗ്മാലിയൻ' ആസ്പദമാക്കി അലൻ ജെയ് ലെർനറും ഫ്രെഡറിക് ലോവെയും ചേർന്ന് അരനൂറ്റിലേറെ മുമ്പ് ഒരുക്കിയ മ്യൂസിക്കൽ കോമഡി ഡ്രാമ ആവിഷ്കാരമാണ് 'മൈ ഫെയർ ലേഡി'

## ഗസ്റ്റ് ഇന്റെർപ്രെട്ടർ ഇൻ സിവിൽ എഞ്ചിനീയറിംഗ് തസ്തികയിൽ ഒഴിവ്

**കൊച്ചി:** ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ ഗസ്റ്റ് ഇന്റെർപ്രെട്ടർ ഇൻ സിവിൽ എഞ്ചിനീയറിംഗ് (ശ്രവണ വൈകല്യമുള്ളവർക്ക് ക്ലാസ്സ് എടുക്കുന്നതിനായി) തസ്തികയിൽ ഓപ്പൺ, ഈഴവ എന്നീ വിഭാഗങ്ങളിൽ മൂന്ന് ഒഴിവുകൾ നിലവിലുണ്ട്. സോഷ്യൽ വർക്ക്/സോഷ്യോളജി/ സൈക്കോളജിയിൽ ബിരുദവും റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ആംഗ്യഭാഷാ വ്യാഖ്യാനത്തിൽ ഡിപ്ലോമയുമുള്ള 18നും 41 മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. നിശ്ചിത യോഗ്യതകളുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം നവംബർ 17ന് മുൻപ് അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യണം.

# സിഎൻജി കാറുകൾക്ക് പ്രിയമേറുന്നു; വമ്പൻ പദ്ധതിയുമായി ടാറ്റ മോട്ടോഴ്സ്

**കൊച്ചി:**ഇന്ത്യയിലെ പ്രമുഖ വാഹന നിർമാതാക്കളായി ടാറ്റ മോട്ടോഴ്സ് സിഎൻജി വാഹനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സിഎൻജി വാഹനങ്ങൾ കൂടുതൽ അഭിലഷണീയവും പ്രായോഗികവുമാക്കുകയാണ് ടാറ്റ മോട്ടോഴ്സിന്റെ ലക്ഷ്യം. ഇരട്ട സിലിണ്ടർ സാങ്കേതികവിദ്യ ഉപയോഗിച്ച്, സിഎൻജി വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുമെന്ന് ടാറ്റ മോട്ടോഴ്സ് വ്യക്തമാക്കി. സുസ്ഥിരതയോടുള്ള കമ്പനിയുടെ പ്രതിബദ്ധതയും രാജ്യത്ത് സിഎൻജി വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന ജനപ്രീതിയും അംഗീകരിക്കുന്നതാണ് ഈ തന്ത്രപരമായ തീരുമാനം.കഴിഞ്ഞ മൂന്ന് നാല് വർഷങ്ങളിൽ സിഎൻജി കാറുകൾക്ക് വലിയ സ്വീകാര്യത ലഭിച്ചുവരുന്നു, പ്രത്യേകിച്ച് യാത്ര വാഹനങ്ങളുടെ കാര്യത്തിൽ. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ടതും മോഡലുകളിലെ വൈവിധ്യവും ഈ കുതിപ്പിന്റെ പ്രധാന കാരണങ്ങളായി ചൂണ്ടികാട്ടപ്പെടുന്നു. ഏകദേശം 17 18 വേരിയന്റുകളുള്ള, സിഎൻജി മോഡലുകളുടെ വൈവിധ്യമാർന്ന ശ്രേണിയാണ് ഇന്ത്യൻ വിപണിയിൽ നിലവിലുള്ളത്. പെട്രോൾ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ, സിഎൻജി വാഹനങ്ങൾക്ക് കുറഞ്ഞ ചെലവാണുള്ളത്. രാജ്യത്ത് സിഎൻജി സ്റ്റേഷനുകളുടെ എണ്ണത്തിലും ഗണ്യമായ വർധനവുണ്ടായിട്ടുണ്ട്. മൂന്ന് വർഷം മുൻപ് 1500 സ്റ്റേഷനുകളായിരുന്നടുത്ത് ഇന്ന് ഏകദേശം 5,500 എണ്ണമുണ്ട്. ഹരിയാന, ഡൽഹി, ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലാണ് പ്രധാനമായും സിഎൻജി വാഹനങ്ങളുടെ വിൽപ്പന വർധിച്ചത്. മൂന്ന് വർഷത്തിനുള്ളിൽ 35 ശതമാനം കോമ്പൗണ്ട് വാർഷിക വളർച്ചാ നിരക്കും (CAGR) 52 ശതമാനം പ്രതിവർഷ (ഥീഥ) വളർച്ചാ നിരക്കും. കഴിഞ്ഞ വർഷം മാത്രം വിപണിയിൽ 4 ലക്ഷം സിഎൻജി കാറുകൾ വിറ്റഴിച്ചു, ഇതിൽ 50,000 യൂണിറ്റുകൾ ടാറ്റ മോട്ടോഴ്സിന്റെ സംഭാവനയാണ്. ടാറ്റ മോട്ടോഴ്സ് ഇതിനകം തന്നെ അതിന്റെ ടിഗോർ, ടിയാഗോ മോഡലുകൾക്കായി സിഎൻജി ഓപ്ഷനുകൾ അവതരിപ്പിച്ചിട്ടുണ്ട്. ഈ വിഭാഗത്തിലെ വിൽപ്പനയിൽ 40 ശതമാനവും സിഎൻജിയാണ്. ഹാച്ച്ബാക്ക് വിഭാഗത്തിൽ അൾട്രോസ് ഐസിഎൻജിയും ടാറ്റ മോട്ടോഴ്സ് അവതരിപ്പിച്ചിട്ടുണ്ട്. മെച്ചപ്പെട്ട ബൂട്ട് സ്പേസിനായി ഇരട്ട സിലിണ്ടർ സാങ്കേതികവിദ്യയും സൺറൂഫും വയർലെസ് ചാർജറുമടക്കം മറ്റ് ഫീച്ചറുകളും ടാറ്റ മോട്ടോഴ്സ് ഉൾപ്പെടുത്തിയിരിക്കുന്നു. ഇന്ത്യൻ ഓട്ടോമോട്ടീവ് വ്യവസായത്തിൽ നിലവിൽ സിഎൻജി പ്രചാരം 15 ശതമാനം ആണെങ്കിലും, ഈ ദശാബ്ദത്തിന്റെ അവസാനത്തോടെ അതിന്റെ പരിസ്ഥിതി സൗഹൃദ സ്വഭാവത്താൽ 20 25 ശതമാനത്തിലേക്ക് എത്തുമെന് വ്യവസായ വിദഗ്ധർ പ്രതീക്ഷിക്കുന്നു. നിലവിൽ ഏകദേശം 52,000 സിഎൻജി വാഹനങ്ങളുടെ പ്രതിമാസം വിൽപ്പനയാണ് രാജ്യത്ത് നടക്കുന്നത്, ഈ വിൽപ്പനയുടെ ഒരു പ്രധാന ഭാഗം സ്വകാര്യ കാർ വാങ്ങുന്നവരാണ്.

# ഡിപി വേൾഡ് ഇൻറർനാഷണൽ ലീഗ് ടി20 സീ ടിവി ചാനലുകളിലും സീ5ലും സംപ്രേക്ഷണം ചെയ്യും

**കൊച്ചി:** ലോകമെമ്പാടും ഏറ്റവുമധികം ആളുകൾ വീക്ഷിക്കുന്ന രണ്ടാമത്തെ ടി20 ക്രിക്കറ്റ് ലീഗായ ഡിപി വേൾഡ് ഇൻറർനാഷണൽ ലീഗ് ടി20യുടെ (ഐഎൽടി20) രണ്ടാം സീസൺ 2024 ജനുവരി 19ന് ആരംഭിക്കും. ഇന്ത്യയിലും ലോകമെമ്പാടുമുള്ള ക്രിക്കറ്റ് പ്രേമികൾക്ക് സീ എൻറർടൈൻമെൻറിൻറെ 10 ലീനിയർ ടിവി ചാനലുകളിലും ഒടിടി പ്ലാറ്റ്ഫോമായ സീ5ലും ലോകമെമ്പാടുമുള്ള പാർട്ണർ ഡിജിറ്റൽ നെറ്റ് വർക്കുകളിലും തത്സമയം മത്സരങ്ങൾ കാണാം. ഐഎൽടി20 ആദ്യ സീസൺ മത്സരങ്ങൾ ലോകമെമ്പാടുമുള്ള 367 ദശലക്ഷം പേരാണ് കണ്ടത്. ഐപിഎൽ കഴിഞ്ഞാൽ റെക്കോർഡാണിത്.2024 ജനുവരി 19 മുതൽ ഫെബ്രുവരി 17 വരെ അബുദാബി, ദുബായ്, ഷാർജ എന്നീ മൂന്ന് വേദികളിലായാണ് 34 മത്സരങ്ങളുള്ള ലീഗ് നടക്കുന്നത്. അബുദാബി നൈറ്റ് റൈഡേഴ്സ് (കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്), ഡെസേർട്ട് വൈപ്പേഴ്സ് (ലാൻസർ ക്യാപിറ്റൽ), ദുബായ് ക്യാപിറ്റൽസ് (ജിഎംആർ), ഗൾഫ് ജയൻറ്സ് (അദാനി സ്പോർട്സ്ലൈൻ), എംഐ എമിറേറ്റ്സ് (റിലയൻസ് ഇൻഡസ്ട്രീസ്), ഷാർജ വാരിയേഴ്സ് (കാപ്രി വാരിയേഴ്സ്) എന്നിവയാണ് ലീഗിലെ ആറ് ഫ്രാഞ്ചൈസി ടീമുകൾ. ഡേവിഡ് വാർണർ, ദസുൻ ഷനക, റഹ്മാനുള്ള ഗുർബാസ്, സാം ബില്ലിംഗ്സ്, ഡേവിഡ് വില്ലി, സുനിൽ നരെയ്ൻ, ആന്ദ്രെ റസ്സൽ, അലക്സ് ഹെയ്ൽസ്, ടോം കറൻ, റോവ്മാൻ പവൽ, ഷിമ്രോൺ ഹെറ്റ്മെയർ, ജെയിംസ് വിൻസ്, അമ്പാട്ടി റായിഡു, കോറി ആൻഡേഴ്സൺ, ഡ്വെയ്ൻ ബ്രാവോ, കീറോൺ പൊള്ളാർഡ്, ട്രെൻറ് ബോൾട്ട്, ക്രിസ് വോക്സ്, മാർട്ടിൻ ഗുപ്റ്റിൽ എന്നിവരുൾപ്പെടെ പ്രമുഖ ക്രിക്കറ്റ് താരങ്ങൾ സീസൺ 2ൽ കളിക്കുന്നുണ്ട്.ഒരു മത്സരം മാത്രമുള്ള ദിവസങ്ങളിൽ ഇന്ത്യൻ സമയം രാത്രി എട്ടുമണിക്ക് തൽസമയ സംപ്രേഷണം ആരംഭിക്കും. ഡബിൾ ഹെഡ്ഡർ ദിനത്തിലെ ഉച്ചകഴിഞ്ഞുള്ള മത്സരം വൈകിട്ട് 4 മണിക്ക് ആരംഭിക്കും. 15 മത്സരങ്ങൾ ദുബായിലും 11 മത്സരങ്ങൾ അബുദാബിയിലും നടക്കും. എട്ട് മത്സരങ്ങൾക്കാണ് ഷാർജ വേദിയാവുക. ഓരോ ടീമിനും അഞ്ച് ഹോം, എവേ മത്സരങ്ങൾ വീതം ഉണ്ടാവും. ടിക്കറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ഉടൻ പ്രഖ്യാപിക്കും.ഡിപി വേൾഡ് ഐഎൽടി20 രണ്ടാം സീസൺ അവതരിപ്പിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണെന്ന് സീ എൻറർടൈൻമെൻറ് എൻഫർപ്രൈസസ് ലിമിറ്റഡ് പ്രസിഡൻറ് രാഹുൽ ജോഹ്രി പറഞ്ഞു. ലീഗിലൂടെ ഇന്ത്യയിലെയും ലോകമെമ്പാടുമുള്ള ക്രിക്കറ്റ് ആരാധകർക്ക് രോമാഞ്ചം സൃഷ്ടിക്കുന്ന അനുഭവം വാഗ്ദാനം ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഡിപി വേൾഡ് ഐഎൽടി20 സീസൺ 2 ഷെഡ്യൂൾ പ്രഖ്യാപിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണെന്ന് ഡിപി വേൾഡ് ഐഎൽടി20 സിഇഒ ഡേവിഡ് വൈറ്റ് പറഞ്ഞു. ആദ്യ സീസൺ പോലെ തന്നെ, മൂന്ന് മികച്ച ക്രിക്കറ്റ് വേദികളിലായി ആവേശമുണർത്തുന്ന 34 മത്സരങ്ങൾ നൽകാൻ ഞങ്ങൾ തയ്യാറാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ നേഴ്സ് നിയമനം

**കൊച്ചി:** തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് സ്റ്റാഫ് നേഴ്സുമാരെ നിയമിക്കുന്നു. താൽപര്യമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നഴ്സിംഗ് പഠിച്ചവരായിരിക്കണം. പ്രവൃത്തിപരിചയം അഭികാമ്യം. നിശ്ചിത യോഗ്യതയുള്ളവർ നവംബർ 17 രാവിലെ 11 ന് തിരിച്ചറിയൽ കാർഡ്, യോഗ്യതകൾ, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി വാക്ക്ഇൻഇന്റർവ്യൂവിന് തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ ചേമ്പറിൽ ഹാജരാകണം.

# ടെക്നോപാർക്കിലെ ഐ.ടി കയറ്റുമതി 11,630 കോടി രൂപ

**തിരുവനന്തപുരം:** കേരളത്തിലെ ഐ.ടി കയറ്റുമതി വരുമാനത്തിൽ കുതിപ്പ് തുടർന്ന് ടെക്നോപാർക്ക്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 1855 കോടി രൂപയുടെ വളർച്ചയാണ് ടെക്നോപാർക്ക് നേടിയിരിക്കുന്നത്. 2022 23 സാമ്പത്തിക വർഷം 11,630 കോടി രൂപയുടെ കയറ്റുമതി വരുമാനം ടെക്നോപാർക്ക് നേടി. മുൻവർഷത്തെക്കാൾ 19 ശതമാനം വളർച്ചയാണ് 2022 23 സാമ്പത്തിക വർഷത്തെ നേട്ടം. ഇതിന് പുറമേ സാമ്പത്തിക നിലയിൽ കൃത്യമായ പുരോഗതി നിലനിർത്തുകയും ക്രയവിക്രയങ്ങൾ സുഗമമായി നടത്തുകയും ചെയ്തതിന് ക്രിസിൽ (ക്രെഡിറ്റ് റേറ്റിംഗ് ഇൻഫർമേഷൻ സർവീസ് ഓഫ് ഇന്ത്യ ലിമിറ്റഡ്) എ പ്ലസ് ഗ്രേഡ് നിലനിർത്തുന്നതായുള്ള അംഗീകാരവും കഴിഞ്ഞ മൂന്ന് വർഷമായി ടെക്നോപാർക്കിന് ലഭിക്കുന്നുണ്ട്.നിലവിൽ 768.63 ഏക്കറിൽ 11.22 മില്യൺ സ്ക്വയർഫീറ്റ് സ്ഥലത്തായി 486 കമ്പനികളിൽ 72,000 ജീവനക്കാരാണ് ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം 46 കമ്പനികൾ ടെക്നോപാർക്കിൽ പുതിയ ഐ.ടി/ഐ.ടി.ഇ.എസ് ഓഫീസുകൾ ആരംഭിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം 465 കമ്പനികൽ നിന്നായി 9775 കോടിയായിരുന്നു ടെക്നോപാർക്കിന്റെ കയറ്റുമതി വരുമാനം.സോഫ്റ്റുവെയർ കയറ്റുമതിയിൽ ടെക്നോപാർക്ക് ഓരോവർഷവും കുതിപ്പ് തുടരുകയാണെന്നും കേരളത്തിന്റെ ആകെ ഐ.ടി എക്കോസിസ്റ്റത്തിന്റെ പരിപോഷണത്തിന് ഈ വളർച്ച ശുഭസൂ



ചനയാണെന്നും ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട.) പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ പിന്തുണയോടെ ടെക്നോപാർക്ക് നേരിട്ടു നടത്തുന്ന വികസന പ്രവർത്തനങ്ങളും കോ ഡെവലപ്പർമാർ നടത്തുന്ന നിർമാണ പ്രവർത്തനങ്ങളും നഗരത്തിലെ മികച്ച സാമൂഹിക ഘടനയും ഐ.ടി മേഖലയുടെ വളർച്ചയ്ക്ക് മുതൽക്കൂട്ടാവുന്നുണ്ട്. ടെക്നോപാർക്കിന്റെ തുടക്കം മുതലുള്ള സോഫ്റ്റുവെയർ കയറ്റുമതി വരുമാനത്തിന്റെ വളർച്ച ഐ.ടി, ഐ.ടി.ഇ.എസ് കമ്പനികൾ കേരളത്തിൽ നിക്ഷേപവുമായി വരുന്നതിലൂടെ അഭിവൃദ്ധി പ്രാപിക്കാനാകുമെന്നതിന് ഉദാഹരണമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ജിയോഫോൺ പ്രൈമ വിൽപ്പനയ്ക്കെത്തുന്നു

**കൊച്ചി:** ജിയോ ഫോൺ പ്രൈമ വിൽപ്പനയ്ക്കെത്തുന്നു. 2,599 രൂപയാണ് വില. 2.4 ഇഞ്ച് ഡിസ്പ്ലേ സ്ക്രീൻ, 1800 എംഎഎച്ച് ബാറ്ററി, 23 ഭാഷാ പിന്തുണ എന്നിവയും ഫോണിൽ ഉണ്ടായിരിക്കും. പ്രധാന റീട്ടെയിൽ സ്റ്റോറുകളിലും റിലയൻസ് ഡിജിറ്റൽ. ഇൻ, ജിയോമാർട്ട് ഇലക്ട്രോണിക്സ് , ആമസോൺ ( Reliance digital.in, JioMart Eletcronics, Amazon) തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും ലഭ്യമാകും.




യുട്യൂബ് , ഫേസ്ബുക്ക് , വാട്ട്സാപ്പ് , ഗൂഗിൾ വോയ്സ് അസിസ്റ്റന്റ് എന്നിവ ഈ ഫോണിൽ ഉപയോഗിക്കാൻ സാധിക്കും. ഗമശഛടപ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കിയുള്ള, 4G സ്മാർട്ട് ഫീച്ചർ ഫോണാണ് ജിയോഫോൺ പ്രൈമയെന്ന് അധികൃതർ വ്യക്തമാക്കി. വീഡിയോ കോളിംഗിനും ഫോട്ടോഗ്രാഫിക്കും പറ്റുന്ന ഡിജിറ്റൽ ക്യാമറകളും ഉണ്ട്. ജിയോ ടി വി, ജിയോ സിനിമ, ജിയോ സാവൻ എന്നീ വിനോദ ആപ്പുകൾ ഇതിലുണ്ടാകും.ജിയോ പേ വഴിയുള്ള യു പി ഐ പേയ്മെന്റ് ചെയ്യാം. ഇന്ത്യയെ ടുജി മുക്തമാക്കുന്നതിനുള്ള റിലയൻസ് ജിയോ യുടെ മറ്റൊരു ചുവടുവെപ്പാണ് ജിയോഫോൺ പ്രൈമയെന്നും ജിയോ അധികൃതർ വ്യക്തമാക്കി. കഴിഞ്ഞ മാസം ഡൽഹിയിൽ നടന്ന ഇന്ത്യ മൊബൈൽ കോൺഗ്രസിൽ ജിയോഫോൺ പ്രൈമ പ്രദർശിപ്പിച്ചിരുന്നു.

# വ്യാജവാർത്ത തടയാൻ 36 മണിക്കൂർ ഹാക്ക്ഫേക്ക് ഹാക്കത്തോൺ

**കൊച്ചി:** വ്യാജവാർത്തകളും തെറ്റായ വിവരങ്ങളും മലയാളമടക്കമുള്ള പ്രാദേശിക ഭാഷകളിൽ വ്യാപിക്കുന്നത് തടയുന്നതിനായി സിറ്റിസൺ ഡിജിറ്റൽ ഫൗണ്ടേഷൻ, ടിങ്കർഹബ് എന്നിവ ചേർന്ന് ഹാക്ക്ഫേക്ക് ഹാക്കത്തോൺ സംഘടിപ്പിക്കുന്നു. നവംബർ 11, 12 തീയതികളിൽ കൊച്ചിയിലാണ് പരിപാടി നടക്കുന്നത്.കോന്നി വിഎൻഎസ് കോളജിലെ ഹ്യൂമാനിറ്റീസ് വകുപ്പ്, കാലിക്കറ്റ് സർവകലാശാല എന്നിവിടങ്ങളിലെ വിദ്യാർത്ഥികളും ടിങ്കർഹബ് കൂട്ടായ്മയിലെ സാങ്കേതിക വിദ്യാർത്ഥികളും ചേർന്നാണ് 36 മണിക്കൂർ നീണ്ടു നിൽക്കുന്ന ഈ ഹാക്കത്തോണിൽ പങ്കെടുക്കുന്നത്. മലയാളത്തിൽ പരക്കുന്ന വ്യാജവാർത്തകളും തെറ്റായ വിവരങ്ങളും ഫലപ്രദമായി തടയുന്നതിനായുള്ള നൂതന ആശയങ്ങളാണ് ഹാക്ക്ഫേക്ക് ഹാക്കത്തോണിൽ ഉയർന്നു വരേണ്ടത്. മാധ്യമസ്ഥാപനങ്ങൾ, ഗവേഷകർ എന്നിവരിലേക്ക് ഇതിൻറെ ഫലം എത്തിക്കുകയാണ് ലക്ഷ്യം.മലയാള ഭാഷയിലുള്ള വാർത്തകളിൽ കടന്നു കയറുന്ന വ്യാജവാർത്തകളും തെറ്റായ വിവരങ്ങളും പരിശോധിക്കുന്നതിനുള്ള നൂതന പരിഹാരമാർഗങ്ങളാണ് ഹാക്കത്തോണിലൂടെ രൂപപ്പെടുത്തേണ്ടത്. മാധ്യമപ്രവർത്തകർ, വ്യാജവാർത്ത പുറത്തു കൊണ്ടു വരുന്ന കൂട്ടായ്മകൾ, എന്നിവർക്കൊക്കെ വലിയ സഹായം ഇതു വഴി ലഭിക്കും. ഇതിനു പുറമെ എന്തും ഷെയർ ചെയ്യാവുന്ന സാമൂഹ്യമാധ്യമങ്ങളെ ആശ്രയിക്കുന്ന യുവ

CITIZEN DIGITAL Foundation

Awareness. Accountability. Action.

തലമുറയ്ക്ക് കൂടുതൽ ഉത്തരവാദിത്തത്തോടെ ഈ ഇടങ്ങളിൽ പ്രവർത്തിക്കാനും ഈ ഉദ്യമം പ്രേരകമാകും.മെഷീൻ ലേണിംഗ്, നിർമ്മിതബുദ്ധി, എന്നിവ ഉപയോഗിച്ച് ഭാഷയിലെ രീതികൾ മനസിലാക്കി വളരെ പെട്ടന്ന് വ്യാജവാർത്തയുടെ മുന്നറിയിപ്പ് നൽകാനാണ് ഉദ്ദേശിക്കുന്നത്. പരിപാടിയുമായി സഹകരിക്കുന്ന മാധ്യമസ്ഥാപനങ്ങൾ വഴി വിവരങ്ങളടങ്ങുന്ന ഡാറ്റാബേസ് പരിശോധിച്ച് ആവശ്യമായ കുറിപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. പരിചയസമ്പന്നരായ എഐ/എംഎൽ വിദഗ്ധരുടെ സാന്നിദ്ധ്യത്തിലാകും ഹാക്ക്ഫേക്ക് ഹാക്കത്തോൺ നടക്കുന്നത്.കൂടുതൽ വിവരങ്ങൾക്ക് അരുന്ധതി arundhathi@tinkerhub.org, ആകാശ് akash.ss@citizendigitalfoundation.org എന്നിവരുമായി ബന്ധപ്പെടുക.

# 'ക്രേവ് ആൻഡ് സേവ്' മെനുവുമായി ടാക്കോ ബെൽ

**കൊച്ചി:** ലോകത്തെ മുൻനിര റസ്റ്റോറന്റ് ബ്രാൻഡായ ടാക്കോ ബെൽ ആകർഷക വിലക്കുറവിൽ സ്വാദിഷ്ട വിഭവങ്ങളുടെ 'ക്രേവ് ആൻഡ് സേവ്'മെനു അവതരിപ്പിച്ചു. രുചികരമായ മെക്സിക്കൻ വിഭവങ്ങൾക്കായി 69 രൂപ മുതലുള്ള ആറു ഓഫറുകളാണ് ടാക്കോ ബെൽ പ്രഖ്യാപിച്ചത്. ക്രഞ്ചി, ചീസ്, ബോൾഡ് ഓഫറുകളിൽ ക്രിസ്പി പൊട്ടറ്റോ ടാക്കോ, ക്രിസ്പി പൊട്ടറ്റോ റാപ്, ചീസ് ക്യൂസാഡില്ല എന്നിങ്ങനെ വെജിറ്റേറിയൻ ഇനങ്ങൾക്കു 69 രൂപ മുതലാണ് നിരക്ക്. ക്രിസ്പി ചിക്കൻ ടാക്കോ, ക്രിസ്പി ചിക്കൻ റാപ്പ്, ചീസി ചിക്കൻ ക്യൂസാഡില്ല എന്നീ സ്വാദിഷ്ട നോൺവെജ് വിഭവങ്ങൾക്ക് വില 99 രൂപ. ടാക്കോ ബെൽ റെസ്റ്റോറന്റുകളിൽ നിന്നും ടാക്കോ ബെൽ ആപ്പ് മുഖേന ഓർഡറിലൂടെയും വിഭവങ്ങൾ ലഭ്യമാകും.ഉപഭോക്താക്കളുടെ മാറുന്ന രുചിതാത്പര്യങ്ങൾക്ക് യോജിച്ച 'ക്രേവ് ആൻഡ് സേവ്' മെനു അവതരിപ്പിക്കുന്നതിൽ സന്തോഷവും സംതൃപ്തിയുമുണ്ടെന്ന് ഇന്ത്യയിലെ ടാക്കോ ബെല്ലിന്റെ എക്സ്ക്ലൂസീവ് ഫ്രാഞ്ചൈസി പങ്കാളിയായ ബർമൻ ഹോസ്പിറ്റാലിറ്റി പ്രൈവറ്റ് ലിമിറ്റഡ് സിഇഒ ഹർനീത് സിംഗ് രാജ്പാൽ പറഞ്ഞു. മിതമായ വിലയ്ക്ക് രുചിയും ഗുണമേന്മയേറിയതുമായ വിഭവങ്ങൾ ലഭ്യമാക്കുന്ന ടാക്കോ ബെൽ ഓഫർ ഉത്സവകാല ആഘോഷങ്ങൾക്ക് കൂടുതൽ മാറ്റേകുമെന്നും അദ്ദേഹം പറഞ്ഞു.

# ഭക്ഷ്യ വ്യവസായ സംരംഭകരുടെ ദേശിയ സമ്മേളനം 30 ന് കുഫോസിൽ

**കൊച്ചി :** ഭക്ഷ്യവ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകരുടെയും പ്രൊഫഷണലുകളുടെയും ദേശിയ സമ്മേളനം ഫുഡ് എന്റപ്രണേഴ്സ് കോൺക്ളേവ് 2023, നവംബർ 30 ന് കൊച്ചിയിൽ നടക്കും. കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയും (കുഫോസ്) അസോസിയേഷൻ ഓഫ് ഫുഡ് സയന്റിസ്റ്റ് ആന്റ് ടെക്നോളജിസ്റ്റ്, ഇന്ത്യയും സംയുക്തമായാണ് കോൺക്ളേവ് സംഘടിപ്പിക്കുന്നത്.രാവിലെ 9 മണിക്ക് കുഫോസ് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ കുഫോസ് കോൺഫറൻസ് ഹാളിൽ കോൺക്ളേവ് ഉത്ഘാടനം ചെയ്യും. ഇന്ത്യൻ ഭക്ഷ്യവ്യവസായ രംഗത്തെ പ്രമുഖരായ ഡോ.രാജേശ്വർ മാച്ചെ , ഡോ.കെ.ഗോപകുമാർ, വിനോദിനി സുകുമാർ, ചെറിയാൻ കുരിയൻ തുടങ്ങിയവർ കോൺക്ളേവിൽ പങ്കെടുക്കുമെന്ന് സംഘാടക സമിതി കൺവീനർ പ്രൊഫ.ടി.ഡി.നമ്പൂതിരി അറിയിച്ചു.ഭക്ഷ്യവ്യവസായ രംഗത്തെ സ്റ്റാർട്ട് അപ്പുകൾ അടക്കമുള്ള സംരംഭകരും ഗവേഷകരും കയറ്റുമതി വ്യവസായികളും ഗവേഷകരും ശാസ്ത്രജ്ഞരും അടക്കം 300 ലധികം പേർ കോൺക്ളേവിൽ പങ്കെടുക്കും.ഭക്ഷ്യവ്യവസായത്തിന്റെ ഭാവിയിൽ തൽപര്യമുള്ള ആർക്കും കോൺക്ളേവിൽ പ്രതിനിധിയായി പങ്കെടുക്കാം, ഓൺലൈനായി രജിസ്റ്റർ ചെയ്യണം http://bit.ly/3Mpsf9r. ഫോൺ 9447311996

# യുടിഐ ലാർജ് ആന്റ് മിഡ്ക്യാപ് ഫണ്ട് ആസ്തികൾ 1980 കോടി രൂപ

**കൊച്ചി:** യുടിഐ ലാർജ് ആന്റ് മിഡ്ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ 1980 കോടി രൂപ കവിഞ്ഞതായി 2023 ഒക്ടോബർ 31ലെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. പദ്ധതിയുടെ നിക്ഷേപങ്ങളിൽ 52 ശതമാനം ലാർജ് ക്യാപ് ഓഹരികളിലും 41 ശതമാനം മിഡ്ക്യാപ് ഓഹരികളിലും ശേഷിക്കുന്നത് സ്മോൾ ക്യാപ് ഓഹരികളിലുമാണെന്ന് ഒക്ടോബർ 31ലെ കണക്കുകൾ വ്യക്തമാക്കുന്നു. എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക്, ഇൻഫോസിസ്, റിലയൻസ് ഇൻഡസ്ട്രീസ്, ഫെഡറൽ ബാങ്ക്, എൽ ആന്റ് ടി, ഐടിസി, മഹീന്ദ്ര ആന്റ് മഹീന്ദ്ര, എച്ച്സിഎൽ ടെക്നോളജീസ്, മാക്സ് ഫിനാൻഷ്യൽ സർവീസസ് എന്നിവയിലാണ് ഏറ്റവും കൂടുതൽ നിക്ഷേപമുള്ളത്. ഇത് ആകെ നിക്ഷേപങ്ങളുടെ 36 ശതമാനം വരും.ലാർജ് ക്യാപ്, മിഡ്ക്യാപ് ഓഹരികളുമായി മൂല്യത്തിൻറെ അടിസ്ഥാനത്തിൽ നിക്ഷേപം നട

uti UTI Mutual Fund

ത്തി ദീർഘകാലത്തേക്ക് തങ്ങളുടെ മുഖ്യ ഓഹരി നിക്ഷേപം കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്നവർക്ക് അനുയോജ്യമായ പദ്ധതിയായാണ് യുടിഐ ലാർജ് ആന്റ് മിഡ്ക്യാപ് ഫണ്ടിനെ കണക്കാക്കുന്നത്. 2009ലാണ് ഈ പദ്ധതി ആരംഭിച്ചത്.

# ദീപാവലി ഓഫറുകളുമായി ദുബായ്






**കൊച്ചി:** ദീപാവലി ആഘോഷിക്കാൻ ഓഫറുകളുമായി ദുബായ് നഗരം. അനിഷേധ്യമായ ഓഫറുകൾ, ജ്വല്ലറികളിൽ നിന്നുള്ള സമ്മാനങ്ങൾ, മികച്ച റെസ്റ്റോറന്റുകളിൽ ഹൃദ്യമായ ഭക്ഷണം എന്നിവയാണ് ദീപാവലിക്ക് ദുബായ് വാഗ്ദാനം ചെയ്യുന്നത്. ആകർഷകമായ ബോളിവുഡ് ഷോകൾ, ആധികാരികമായ കലകൾ, കരകൗശല വസ്തുക്കൾ, ഇന്ത്യൻ പവലിയനിൽ പ്രകടനങ്ങൾ എന്നിവ ആസ്വദിച്ചു കൊണ്ട് ദീപാവലി ഗ്ലോബൽ വില്ലേജിൽ ആഘോഷിക്കാൻ സാധിക്കും. കൂടാതെ ഇന്ത്യൻ ചാറ്റ് ബസാറിൽ പരമ്പരാഗത ഇന്ത്യൻ തെരുവ് ഭക്ഷണങ്ങൾ, മികച്ച ഇന്ത്യൻ റെസ്റ്റോറന്റുകളിൽ നിന്നുള്ള ഇന്ത്യൻ വിഭവങ്ങൾ എന്നിവ കൂടാതെ എല്ലാ വെള്ളിയാഴ്ചയും ശനിയാഴ്ചയും സംഗീത വെടിക്കെട്ടുകളും നിങ്ങൾക്ക് ഗ്ലോബൽ വില്ലേജിൽ ലഭ്യമാണ്.ദീപാവലി സമയത്തു ഡിസ്കൗണ്ടുകളും ഓഫറുകളുമായി ലാ പെർളയിൽ ആർഭാടപൂർണ്ണമായ പ്രകടനങ്ങൾ ആസ്വദിക്കുവാൻ അവസരമുണ്ട്. ഇന്ത്യയുടെ പാചക പൈതൃകത്തെ നിർവചിക്കുന്ന സമ്പന്നവും സുഗന്ധമുള്ളതുമായ സുഗന്ധവ്യഞ്ജനങ്ങളും സമൃദ്ധമായ ടെക്സ്ചറുകളും ഒരുമിച്ച് കൊണ്ടുവരുന്ന അസാധാരണമായ സംവേദനാനുഭവം വർക്കിലെ മൂന്നു കോഴ്സ് ഡിന്നറിലൂടെ അനുഭവിച്ചറിയാൻ സാധിക്കും. ദീപാവലിക്ക് ദുബായ് ജ്വല്ലറി ഗ്രൂപ്പ് ദുബായിലുടനീളമുള്ള പ്രശസ്തമായ ജ്വല്ലറി സ്ഥാപനങ്ങളെ ഉൾക്കൊള്ളുന്ന വിപുലമായ, നഗരവ്യാപകമായ റീട്ടെയിൽ സംരംഭം സംഘടിപ്പിക്കുന്നു. പ്രശസ്ത ജ്വല്ലറികൾ എക്സ്ക്ലൂസീവ് ദീപാവലി കളക്ഷനുകൾ പ്രദർശിപ്പിക്കും. ഷോപ്പർമാർക്ക് എക്സ്ക്ലൂസീവ് ഡീലുകൾ, ഉദാരമായ കിഴിവുകൾ, വാങ്ങുമ്പോൾ കോംപ്ലിമെന്ററി സമ്മാനങ്ങൾ, 30 വിജയികൾക്കിടയിൽ വിതരണം ചെയ്യുന്ന 150,000 ദിർഹം മൂല്യമുള്ള ആഭരണ വൗച്ചറുകൾ എന്നിവ ഉൾക്കൊള്ളുന്ന ആകർഷകമായ റാഫിൾ എന്നിവ മുഖ്യ ആകർഷണമായിരിക്കും

## അഡാകിൽ ഒഴിവുകൾ

**തിരുവനന്തപുരം:** ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (അഉഅഗ) യിൽ ഒഴിവുള്ള ഫാം ടെക്നീഷ്യൻ / പ്രോജക്ട് കോഓർഡിനേറ്റർ / സബ്ഇൻസ്പെക്ടർ തസിതികയിൽ ദിവസ വേതനത്തിൽ ജോലി ചെയ്യാൻ താൽപര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. 1205 രൂപ ദിവസവേതനമായി നൽകും. ആഎടഇ അല്ലെങ്കിൽ അക്വാകൾച്ചർ വിഷയത്തിലെ ബിരുദാനന്തര ബിരുദ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ Agency of Development for Aquaculture, Kerala (ADAK), TC 29/3126, Reeja, Minchin Road Vazhuthacaud എന്ന വിലാസത്തിൽ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഉൾപ്പെടെ നവംബർ 15നകം അപേക്ഷിക്കണം.

## ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

**തിരുവനന്തപുരം:** തിരുവനന്തപുരം എൻജിനീയറിങ് കോളജിലെ (CET) സിവിൽ എൻജിനിയറിങ് ഡിപ്പാർട്ട്മെന്റും ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനിയറിങ് ഡിപ്പാർട്ട്മെന്റും സംയുക്തമായി നവംബർ 20 മുതൽ 24 വരെ 'ആപ്ലിക്കേഷൻസ് ഓഫ് മെഷീൻ ലേണിംഗ് ഇൻ ട്രാൻസ്പോർട്ടേഷൻ എൻജിനിയറിങ്' എന്ന പേരിൽ അഞ്ച് ദിവസത്തെ ഡിടിഇ സ്പോൺസേഡ് ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം (എഫ്.ഡി.പി) സംഘടിപ്പിക്കുന്നു. ഐഐടികൾ, എൻഐടികൾ, വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധർ എഫ്.ഡി.പി യിലെ സെഷനുകൾ കൈകാര്യം ചെയ്യും. പങ്കെടുക്കാൻ താൽപര്യമുള്ളവർ http://bit.ly/fdp-cet en-¦v വഴി നവംബർ 15 നു മുമ്പ് രജിസ്റ്റർ ചെയ്യണം. വിശദ വിവരങ്ങൾക്ക് www.cet.ac.in.

# വേവ്സ് 2023: പി.എം.ഐ കോൺഫറൻസ് കൊച്ചിയിൽ




**കൊച്ചി:** പ്രൊജക്ട് മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് (പി.എം.ഐ)കേരളാ ചാപ്റ്റർ സംഘടിപ്പിക്കുന്ന വാർഷിക പ്രൊജക്റ്റ് മാനേജ്മെൻറ് സമ്മേളനം 'വേവ്സ് 2023 ' നവംബർ 11നു കൊച്ചിയിൽ കുസാറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. അതിവിദഗ്ധ തൊഴിൽ പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും മുൻതൂക്കം നല്കി തൊഴിൽ മേഖലയിൽ ഉദ്യോഗാർഥികളെ പരിശീലിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്ന സംഘടനയാണ് അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന പി.എം.ഐ സാങ്കേതികവിദ്യയിലൂന്നിയ വ്യാവസായിക പരിവർത്തനങ്ങളാണ് സമ്മേളനം പ്രധാനമായും ചർച്ച ചെയ്യുന്നതെന്ന് പ്രൊജക്റ്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂറ്റ് കേരള ചാപറ്റർ പ്രസിഡന്റ് കെ ഹരികുട്ടൻ പറഞ്ഞു. ഡി.ആർ ഡി ഒ ഡയറക്ടർ ജനറൽ ടെസ്സി തോമസ്, വേണു രാജാമണി ഐ എഫ് എസ്, മറ്റ് സിവിൽ സർവീസ് ഉദ്യോഗസ്ഥർ, വ്യവസായ പ്രമുഖർ, സംരംഭകർ, എന്നിവർ വിവിധ സെഷനുകളിൽ സംസാരിക്കും. കോൺഫറൻസിന്റെ ഭാഗമായി, മികച്ച പ്രൊജക്റ്റ്, മികച്ച പ്രൊജക്റ്റ് മാനേജർ എന്നിവയുൾപ്പെടെ പത്തോളം മേഖലകളിലെ മികവിനുള്ള പ്രൊജക്റ്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവാർഡുകൾ നവംബർ 10നുലെ മെരിഡിയനിൽ ഹോട്ടലിൽ നടക്കുന്ന ഗവൺമെന്റ്, കോർപ്പറേറ്റ് രംഗത്തെ ചീഫ് മാനേജർമാരുടെ മീറ്റിങ്ങിൽ പ്രഖ്യാപിക്കും.പ്രൊജക്ട് മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് കേരളാ ചാപ്റ്റർ കഴിഞ്ഞ ഇരുപത് വർഷങ്ങളായി സംസ്ഥാനത്തിന്റെ സാമൂഹിക, സാമ്പത്തിക, വിവര സാങ്കേതിക മേഖലകളിൽ ഗണ്യമായ സംഭാവനകളാണ് നടത്തിയിട്ടുള്ളത്. പ്രൊജക്റ്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തന മേഖലകൾ സംബന്ധിച്ച് കൂടുതൽ അറിയാൻ പ്രതിനിധികളുടെ സേവനം സമ്മേളനത്തിൽ ഒരുക്കിയിട്ടുണ്ട്.

